ചാസ് ബുള്ളറ്റിൻ

# ഒരുമ

ഏപ്രിൽ - സെപ്റ്റംബർ 2023
ലക്കം : 62
വാല്യം : 26



## 'സാമൂഹ്യനീതി'
## ഒരിക്കലും വക്കു പൊട്ടാത്ത വാക്ക്

ജോസഫ് കെ. നെല്ലുവേലി

'ചാസ് റിഹാസ്വിസ് ലോൺമേള'യുടെ ഉദ്ഘാടനം
അഭി. മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിക്കുന്നു.






'ചാസ് ഗ്രാമബസാർ' ന്റെ ആശീർവാദകർമ്മം
അഭി. മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിക്കുന്നു.

# Environment Day



ചാസ് കേന്ദ്ര ഓഫീസ്



കൊടുപ്പുന്ന



വെട്ടിമുകൾ



ചേന്നങ്കരി

# ഒരുമ

ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി മുഖപത്രം

ലക്കം 62 | വാല്യം 26

ഏപ്രിൽ - സെപ്റ്റംബർ 2023

പേജ് : 68





## Editorial Board

*രക്ഷാധികാരി*

**മാർ ജോസഫ് പെരുന്തോട്ടം**

*മാനേജിംഗ് എഡിറ്റർ*

**ഫാ. തോമസ് കുളത്തുങ്കൽ**

*ചീഫ് എഡിറ്റർ*

**ഫാ. ജോർജ് തൈച്ചേരിൽ**

*എക്സിക്യൂട്ടീവ് എഡിറ്റർ*

**ശ്രീ. ജോബി മാത്യു**

*അസോസിയേറ്റ് എഡിറ്റേഴ്സ്*

**ശ്രീ. ബിനു ജോസഫ്**

**ശ്രീമതി ബിന്ദു സിബി**


## ഉള്ളടക്കം


02 മുഖമൊഴി

04 'സാമൂഹ്യനീതി'- ഒരിക്കലും വക്കുപൊട്ടാത്ത വാക്ക്

10 ഹരിത സമൃദ്ധി

13 തണൽ

17 പ്രോജക്ട് വാർത്തകൾ

22 കേന്ദ്ര വാർത്തകൾ

38 മേഖലാ വാർത്തകൾ

55 പരിശീലന പരിപാടികൾ

59 SLCA Kerala



ലേ ഔട്ട് & പ്രിന്റിംഗ്

**സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്** ചങ്ങനാശേരി

ഫോൺ: 0481-2410101



**CHANGANACHERRY SOCIAL SERVICE SOCIETY (CHASS)**

P. B. No. 20, Changanacherry, Kottayam, Kerala,

India-686 101, Tel.: 0481-2402345, 2402735, 8138088730

E-mail: chass1966@gmail.com, chass1966@rediffmail.com, web:www.chasschry.org






# മുഖമൊഴി



***പ്രിയമുള്ളവരെ,***

സഭയുടെ സാമൂഹ്യ പ്രബോധനങ്ങൾ എക്കാലവും ഒരു നീതി സമൂഹ സൃഷ്ടിയാണ് ലക്ഷ്യം വയ്ക്കുന്നത്. എല്ലാ മനുഷ്യരും ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നും ആയതിനാൽ ജാതിമതഭേദമന്യേ ഓരോ വ്യക്തിക്കും ദൈവം നൽകിയിരിക്കുന്ന തുല്യതയോടും സത്വബോധത്തോടും ആത്മാ ഭിമാനത്തോടും കൂടി ജീവിക്കുവാനുള്ള അവകാശം ഉണ്ടെന്നും കത്തോലിക്ക സാമൂഹ്യനീതി നമ്മെ പഠിപ്പിക്കുന്നു. ഇത് മനുഷ്യന് ലഭിക്കേണ്ട അനിവാര്യമായ മാന്യതയും നീതിയുമാണ്. പഴയ നിയമത്തിൽ നീതിയുടെ പ്രവാചകനായ ആമോസ് പ്രവാചകൻ ഇപ്രകാരം പറയുന്നു. 'നീതി ജലം പോലെ ഒഴുകട്ടെ' ഇതാണ് സഭയുടെ സാമൂഹ്യ ശുശ്രൂഷാ സംവിധാനങ്ങളുടെ ആത്യന്തിക ലക്ഷ്യം. സാമൂഹ്യനീതിയുടെ അഞ്ച് പ്രധാന തത്വങ്ങളിൽ വിഭ വങ്ങളിലേയ്ക്കുള്ള പ്രാപ്യത, തുല്യത, പങ്കാളിത്തം, വൈവിധ്യം, മനുഷ്യാവകാശങ്ങൾ എന്നിവ ഉൾപ്പെടുന്നു. എല്ലാവരും തുല്യ മായ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക അവകാശങ്ങൾക്കും അവസരങ്ങൾക്കും അർഹരാണെന്ന കാഴ്ചപ്പാടാണ് സാമൂഹിക നീതി എന്ന് യുണൈറ്റഡ് നേഷൻസ് നമ്മെ ഓർമ്മിപ്പിക്കുന്നത്.


വ്യക്തികളുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന ഒരു സമൂഹത്തിനുള്ളിൽ സമ്പത്ത്, അവസരം പദവി എന്നിവയുടെ വിതരണത്തിലെ ന്യായമായ സന്തുലിതാവസ്ഥ ഉറപ്പാക്കുന്നു. ദൈവസ്നേഹവും പരസ്നേഹവും കൈമുതലായുള്ളവർക്ക് മാത്രമേ മറ്റുള്ളവരോട് കരുണ കാണിക്കുവാൻ സാധിക്കുകയുള്ളൂ. കരുണയുള്ളിടത്ത് നീതിയുണ്ടാകും. നമ്മുടെ അതിരൂപതയുടെ സാമൂഹ്യ ശുശ്രൂഷാ സംവിധാനമായ ചാസിന്റെ ദർശനം മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു നീതി സമൂഹ സൃഷ്ടി എന്നതാണെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. നമ്മുടെ വിവിധ ജനകീയ സംഘടനകളും അതിനു നേതൃത്വം കൊടുക്കുന്ന പ്രാദേശിക യൂണിറ്റുകളും സഭയുടെ സാമൂഹ്യ പ്രബോധനങ്ങൾക്കനുസൃതം പ്രവർത്തനങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഒറ്റപ്പെട്ട പ്രവർത്തനങ്ങളേക്കാൾ കൂട്ടായ പ്രവർത്തനങ്ങൾ സാമൂഹ്യമാറ്റത്തിനും വളർച്ചയ്ക്കും ഇടയാക്കും എന്ന തിരിച്ചറിവ് നമുക്ക് പ്രചോദനമാകട്ടെ.

*സ്നേഹപൂർവ്വം,*

**ഫാ. തോമസ് കുളത്തുങ്കൽ**
*ഡയറക്ടർ*



# 'സാമൂഹ്യനീതി' – ഒരിക്കലും വക്കു പൊട്ടാത്ത വാക്ക്



**ജോസഫ് കെ. നെല്ലുവേലി MA, BEd, MSW**
*(മുൻ പ്രിൻസിപ്പൽ St. Mary's HSS, ചമ്പക്കുളം - ചാസ് ബോർഡ് അംഗം)*

വളരെ ആഴവും പരപ്പുമുള്ള വിഷയമാണ് സാമൂഹ്യനീതി എന്നത്. പ്രപഞ്ചത്തിലെ മനുഷ്യൻ മുതൽ എല്ലാ ചരാചരങ്ങൾക്കും ജീവസന്ധാരണത്തിന് അവകാശത്തോടൊപ്പം നീതിയും കൂട്ടിചേർക്കുന്നു. മനുഷ്യനീതി, വനനീതി, സംസാരനീതി, മൗലികാവകാശങ്ങൾ ഇങ്ങനെ അർത്ഥങ്ങളുടെ നിരവധിതലങ്ങളുണ്ടാവുന്നതിങ്ങനെയാണ്. എവിടെ നീതി നിക്ഷേധങ്ങൾ ഉണ്ടാകുന്നുവോ അവിടെങ്ങളിലെല്ലാം സംരക്ഷണകവചങ്ങളുംസ്വാഭാവികമായി തന്നെ ഒരുങ്ങാറുണ്ട്. നീതി ന്യായവ്യവസ്ഥമുതൽ അദൃശ്യമായ ധാർമ്മിക അവസ്ഥയിൽ വരെ നീതിയുടെ സുരക്ഷിതത്വം ഉണ്ടാ

വും 'നീതി'യെപ്പറ്റിയുള്ള ചർച്ചകൾ തുടങ്ങിയിട്ട് നൂറ്റാണ്ടുകളായി. മനുഷ്യ വിവേചന ബുദ്ധിയുടെ ആരംഭഘട്ടം മുതൽ ഈ പ്രക്രിയ ഉണ്ടായിട്ടുണ്ടെന്നുള്ളത് കൗതുകകരമാണ്.

**'നീതി'-യുടെ ആശയതലം-ചരിത്രം**

18-ാം നൂറ്റാണ്ടിന്റെ മധ്യകാലത്താണ് സാമൂഹിക നീതി (Social Justice) എന്ന പദം കൂടുതൽ ചർച്ചാവിധേയമായത് അതിനു മുൻപ് പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങി ഹിപ്പോയുടെയും, തോമസ് അകിനാസിന്റെയും, സെന്റ് അഗസ്റ്റിന്റെയും കാലംവരെയുള്ള ക്ലാസിക്കൽ ക്രിസ്ത്യൻ ദാർശനികന്മാർ സാമൂഹിക നീതിയെപ്പറ്റി ധാരാളം വിശകലനം നടത്തുന്നുണ്ട്.

20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഈ പദം അന്താരാഷ്ട്ര തലത്തിൽ നൈയ്യാമികമായി കൂട്ടിച്ചേർക്കപ്പെട്ടു. മുൻ കാലങ്ങളിൽ ഇത് വ്യവസ്ഥാപിതമായിരുന്നില്ല. ആദ്യഘട്ടത്തിൽ പാശ്ചാത്ത്യ തത്വചിന്തയിൽ സൂചിപ്പിക്കുന്നതു പോലെ നീതിയുടെ വിവിധ ആശയങ്ങൾ സമൂഹകേന്ദ്രീകൃതമായിരുന്നു ഇത് വ്യക്തമാക്കാൻ പ്ലേറ്റോയുടെ നിരീക്ഷണം മതിയാവും. 'നീതി ഒരു കേവലശക്തിയല്ല. യോജിപ്പുള്ള ഒരു ശക്തിയാണ് അതായത് ശക്തന്റെ അവകാശമല്ലനീതി'- ആ കാലഘട്ടത്തിൽ ശക്തനും ശക്തിയുമായിരുന്നു സമൂഹം ഭരിച്ചിരുന്നത്.

**നീതിയുടെ ക്രൈസ്തവ വീക്ഷണം**

1840 മുതൽ ക്രൈസ്തവ ദർശനത്തിൽക്കൂടി 'നീതി' എന്ന പദത്തിന്റെ ഉപയോഗം വ്യാപകമായി. വിശുദ്ധ സുവിശേഷത്തിന്റെ അടിസ്ഥാനപരമായ ഒരു വീക്ഷണം നീതിയുടെ അന്വേഷണമാണ്. ദരിദ്രരും പാർശ്വവത്ക്കരിക്കപ്പെട്ടവരും, പീഢിതരും, രോഗികളും, വിധവകളും അടങ്ങിയ സമൂഹത്തിൽ നീതിയുടെ അളവുകോൽ ഇവർക്കനുകൂലമായിരിക്കണമെന്ന് ക്രിസ്തു അസന്നിഗ്ദ്ധമായി പ്രഘോഷിക്കുന്നുണ്ട്. ജറുസലം ദൈവാലയത്തിൽ അവിടുന്ന് കൈയ്യിൽ പേറുന്ന ചാട്ടവാർ അനീതിക്കെതിരെയുള്ള ആയുധമായികാണാം. അനീതിയോടും അതുവഴി സമ്പാദിച്ച അധാർമ്മിക സമ്പത്തിനോടും ക്രിസ്തു അനുരഞ്ജനപ്പെടുന്നില്ല. സ്വർഗ്ഗം പോലും നിക്ഷേധിക്കപ്പെടുമെന്ന് അവിടുന്ന് പ്രഘോഷിക്കുന്നു. സൂചിക്കുഴവഴി കടക്കുന്ന ധനവാനും സമ്പത്ത് തിരികെ വിതരണം ചെയ്യുന്ന സക്കേവൂസും ഇവിടെ നമ്മുടെ ശ്രദ്ധയിൽ വരും.

## UNO യുടെ നീതി വ്യാഖ്യാനം

20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അമേരിക്കൻ രാഷ്ട്രീയ നിയമനിർമ്മാണസഭയിൽ സാമൂഹികനീതി ഒരു പ്രധാന ചർച്ചാ വിഷയമായി മാറ്റി. ഐക്യരാഷ്ട്ര സഭ (UNO) സാമൂഹികനീതിയെ രാഷ്ട്രങ്ങൾക്കകത്തും രാജ്യങ്ങൾക്കിടയിലും സമാധാനവും, സമൃദ്ധവുമായ സഹവർത്തിത്വത്തിനുള്ള അടിസ്ഥാനതത്ത്വം എന്നാണ് നിർവ്വചിക്കുക. 2006 ൽ എത്തുമ്പോൾ സാമ്പത്തിക സാമൂഹ്യ പ്രക്രിയയോട് ചേർത്ത് വച്ച് നീതിയെ UNO കാണാൻ തുടങ്ങി. 1990 ൽ കുട്ടികൾക്കുള്ള പ്രത്യേക അവകാശത്തിന് UNO രൂപം നൽകി. തുടർന്ന് വിവിധ മേഖലകൾക്കു യോജിച്ച നീതിവകുപ്പുകളും പഠനങ്ങളും ആരംഭിച്ചു.

## കത്തോലിക്കാ സാമൂഹിക പഠനങ്ങൾ

കത്തോലിക്കാ സാമൂഹിക പഠനത്തിൽ പ്രധാനമായും ഏഴ് കാഴ്ചപ്പാടുകളാണുള്ളത്. അതിൽ രണ്ടെണ്ണം സാമൂഹിക നീതിയുമായി ബന്ധപ്പെട്ടതാണ്. അവയെ ഇങ്ങനെ സംഗ്രഹിക്കാം:–

* എല്ലാ ഭൗതിക സ്വത്തുക്കൾക്കും ഉപരിയായി മനുഷ്യജീവന് വിലകൽപ്പിക്കണം.

* അന്ത്യവിധിനാളിൽ ദരിദ്രനും അവന് നൽകിയ പ്രത്യേക പരിഗണനയും പരാമർശിക്കണം. വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ദരിദ്രരോട് അനുകമ്പയും ഐക്യദാർഢ്യവും പ്രഖ്യാപിക്കണം. കൂടാതെ പൊതുവായ തീരുമാനത്തിലും, നിഗമനത്തിലുമെത്തുമ്പോൾ, അതു ദരിദ്രരെ എങ്ങനെ ബാധിക്കുമെന്ന് ശ്രദ്ധിക്കണം. ധാരണകൾ അതിനനുസരണമായിരിക്കാൻ ശ്രദ്ധിക്കണം.

മേൽ പറഞ്ഞ രണ്ടു വീക്ഷണങ്ങളിലും സാമാന്യ മനുഷ്യനു ലഭിക്കേണ്ട പരിഗണന സൂചിപ്പിക്കുന്നു. എല്ലാറ്റിനും ഉപരി മനുഷ്യ ജീവനാണ് ഉന്നതം എന്നാണ് സഭ പഠിപ്പിക്കുക. അതിനോടൊപ്പം പ്രാധാന്യം നൽകുന്ന ഘടകമാണ് ദാരിദ്രവും, ദരിദ്രനും. ഇതിനുത്തരവാദികൾ സാമൂഹ്യനീതിയുടെ അസന്തുലിതാവസ്ഥ തന്നെ എന്നു സഭാപണ്ഡിതന്മാർ പഠിപ്പിക്കുന്നുണ്ട്.

## മാർപ്പാപ്പമാരുടെ വീഷണം

മേൽപ്പറഞ്ഞ വിഷയങ്ങൾക്ക് ഊഷ്മാവു പകരുന്ന ഒന്നാണ്

1891-ൽ ലിയോ 13-ാം മാർപ്പാപ്പ പ്രസിദ്ധീകരിച്ച 'റേരും നൊവാരും' എന്ന ചാക്രിയ ലേഖനം. ''അവകാശസംരക്ഷണത്തിലൂടെ സാമൂഹികനീതി പ്രോത്സാഹിപ്പിക്കുക'' എന്നതാണ് ഭരണകൂടത്തിന്റെ ധർമ്മമെന്ന് പാപ്പ ഉദ്ബോധിപ്പിച്ചു. അതായത് അനീതി അവകാശ ലംഘനവും ഭരണകൂടത്തിനുതന്നെ ശിക്ഷയുടെ പരിധിയിലും ഉൾക്കൊള്ളിക്കാമെന്ന് പാപ്പ പറഞ്ഞത് നൂറ്റാണ്ടുകൾക്കപ്പുറമാണെന്ന് ഓർക്കണം. 1931 ൽ പയസ് 11-ാം മാർപ്പാപ്പയും ഇതിനോടു ചേർന്ന വീക്ഷണങ്ങൾ പ്രകടിപ്പിച്ചു. മനുഷ്യാവകാശത്തിന് ഭരണകൂടം ഒന്നാം സ്ഥാനം നൽകണമെന്ന് കലങ്ങിമറിഞ്ഞ അന്തർദേശീയ സാഹചര്യത്തിനെ സൂചിപ്പിച്ച് പയസ് 11-ാം പാപ്പ പ്രഖ്യാപിച്ചു.

ജോൺ പോൾ രണ്ടാമൻ പാപ്പ അനീതിയുടെ തീച്ചൂളയിൽ നിന്നും വന്ന പുരോഹിതശ്രേഷ്ഠനായതുകൊണ്ട് സാമൂഹിക നീതിയെ പരാമർശിക്കാനായി മൂന്നു ചാക്രിക ലേഖനങ്ങൾ എഴുതാൻ തയ്യാറായി. ഇവയൊക്കെ രാജ്യാന്തര മേഖലയിൽ ശ്രദ്ധിക്കപ്പെട്ടു 2006 ൽ ബനഡിക്റ്റ് 16-ാമൻ പാപ്പാ 'ദൈവം സ്നേഹമാണ്' എന്ന ചാക്രിക ലേഖനത്തിൽ കൂടുതൽ സമകാലികമായ സൂചനകൾ നൽകുന്നുണ്ട്. സിവിൽ സമൂഹത്തിൽ സാമൂഹികനീതിയെ പിന്തുടരാനുള്ള ഉത്തരവാദിത്വം അൽമായർക്കുണ്ടാകണം. ധാർമ്മികവും, ആത്മീയവുമായ രൂപഭാവങ്ങൾ നൽകുകയും, സഭ സാമൂഹിക നീതിയുടെ നിലനിൽപ്പിനെപ്പറ്റി രൂഢമൂലമായി ചിന്തിക്കുകയും ചെയ്യണമെന്നും ബനഡിക്റ്റ് പാപ്പ ഉദ്ബോധിപ്പിക്കുന്നു. ഫ്രാൻസിസ് പാപ്പയും സാമൂഹികനീതിയുടെ സംരക്ഷണത്തെപ്പറ്റി ഉത്കണ്ഠ രേഖപ്പെടുത്തുന്ന ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ലോകത്തിന്റെ പുരോഗതി മനുഷ്യവ്യക്തികളുടെ മൂല്യത്തെ അപകീർത്തിപ്പെടുത്തുന്നവരുണ്ടെന്നും സ്വകാര്യസ്വത്ത് (Private Property) കമ്പോളങ്ങൾ (Market) സത്യസന്ധമായ അധ്വാനം (Sincere labour hood) എന്നിവ പാവങ്ങളുടെ ദുരിതങ്ങളെ ലഘൂകരിക്കുന്നതാവണമെന്ന് പാപ്പാമാർ ഉദ്ബോധിപ്പിക്കുന്നു. മറിച്ചായാൽ അതു മാനവരാശിയുടെ ദുരന്തമായി മാറുമെന്ന് അടുത്തകാലത്തു നടത്തിയ അറബ് രാജ്യസന്ദർശന ഘട്ടത്തിൽ ഫ്രാൻസീസ് പാപ്പ പറഞ്ഞു.

'നീതി' പഠനത്തിന്റെ ശാഖകൾ- ആരോഗ്യസംരക്ഷണ രംഗത്ത് നീതി (Bio ethics), വിദ്യാഭ്യാസരംഗത്തുള്ള നീതി (Human rights education) പരിസ്ഥിതി സംരക്ഷണ നീതി (Ecology and environmen-

tal rights) എന്നിങ്ങനെ നിരവധി ശാഖകൾ നീതിയെ പറ്റി ചർച്ച ചെയ്യുന്ന ഘട്ടത്തിൽ പണ്ഡിത വിശകലനത്തിനായി രംഗത്തുണ്ട്.

ഈ ശാഖകളെപ്പറ്റിയുള്ള വിശദമായ പഠനങ്ങളും ലഭ്യമാണ്. സമകാലിക സാമൂഹിക കാഴ്ചപ്പാടിൽ ആരോഗ്യരംഗമായ ആശുപത്രി നടത്തിപ്പ് മേഖലകളിലെ അനീതികൾ മടുപ്പ് ഉളവാക്കുന്നവ തന്നെ. വാസക്ടമിക്കു ഓപ്പറേഷൻ തീയേറ്ററിൽ പ്രവേശിക്കുന്നവന്റെ കിഡ്നി മോഷ്ടിക്കുന്നതു മുതൽ ബില്ല് അടയ്ക്കാനില്ലാത്തതിനാൽ മൃതശരീരം പിടിച്ചുവയ്ക്കുന്നതും, ആശുപത്രി ആംബുലൻസ് വിട്ടുകൊടുക്കാത്തതുകൊണ്ട് മൃതശരീരം തോളിലേറ്റികൊണ്ടുപോകുന്നതുമായ സംഭവങ്ങൽ പൊതുസമൂഹത്തിന്റെ മുന്നിലെ ചോദ്യചിഹ്നങ്ങൾ തന്നെ. വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന അസന്മാർഗീക പ്രവണതകൾ ഉത്തമ തലമുറയ്ക്കു പകരം ഉത്തുംഗ സൗധങ്ങളെയാണ് അവിടെ സൃഷ്ടിക്കുന്നത്. വികസനത്തിന്റെ മറവിൽ നടക്കുന്ന പ്രകൃതിനാശവും പരിസ്ഥിതി ധ്വംസനവും അനുസ്യൂതം തുടരുന്നതുമൊക്കെ നീതി നിക്ഷേധങ്ങൾ തന്നെ.

**സാമൂഹിക നീതി -ഇന്ന്**

അന്തർദേശീയ രംഗത്ത് ആഴ്ചകളായി നടക്കുന്ന യുദ്ധം-ഇസ്രയേൽ പാലസ്തീൻ യുദ്ധരംഗവും, മണിപ്പൂരിൽ ഇപ്പോഴും നടക്കുന്ന നരനായാട്ടും മറക്കാനാവില്ല. വംശത്തിന്റെയും വർഗ്ഗത്തിന്റെയും വിഷയങ്ങൾ ഉയർത്തിയാണ് ഈ രണ്ടു വിനാശസംഭവങ്ങളും അരങ്ങേറിക്കൊണ്ടിരിക്കുന്നത്. യുദ്ധ സന്ദർഭത്തിൽ സ്ത്രീകളേയും കുഞ്ഞുങ്ങളെയും ആക്രമിക്കുക എന്നത് നിഷിധമാണെങ്കിലും ഇന്നു സ്കൂളികളിലേയ്ക്കും ആശുപത്രികളിലെ ഗൈനിക് വാർഡുകളിലേയ്ക്കും, ദുരിതാശ്വാസക്യാമ്പുകളിലേയ്ക്കുമാണ് ഇസ്രയേൽ മിസൈലുകൾ തൊടുത്തുവിടുന്നത്. പുതിയ ഹിറ്റ്ലർ മനസ്സുകൾ പിറവിയെടുക്കുന്നു എന്നു വ്യക്തം. മണിപ്പൂരിൽ സ്ത്രീകളെ നഗ്നരാക്കി തെരുവിലൂടെ നടത്തപ്പെടുന്നതും ഭവന ഭേദനവും, ദൈവാലയ നിഗ്രഹങ്ങളും, നരനായാട്ടും ഇപ്പോഴും ഉണ്ട്. ഇതെല്ലാം നീതിക്കുമേൽ വന്നു വീഴുന്ന വാളാണ്. ദുർബലന്മാർക്കു മുകളിൽ പതിക്കുന്ന ശക്തന്റെ അറവുകത്തിയാണ്.

പക്ഷേ നമ്മുടെ മാധ്യമങ്ങൾ മേൽപ്പറഞ്ഞ സംഭവങ്ങൾ ആദ്യം ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചുവെങ്കിലും പിന്നീടതിനെ

പിന്നാമ്പുറത്തേയ്ക്കും ഇപ്പോൾ വാർത്തയ്ക്കു പുറത്തേയ്ക്കും കളഞ്ഞിരിക്കുന്നു. അടൂർ ഗോപാലകൃഷ്ണന്റെ 'നിഴൽക്കൂത്ത്' എന്ന സിനിമയിൽ വധശിക്ഷയ്ക്ക് തലേന്ന് ആരാച്ചാരെ ഉത്തേജിപ്പിക്കാൻ വേണ്ടി പോലീസുകാർ മദ്യം ഊറ്റികൊടുത്തിട്ടു കൂട്ടത്തിലിരിക്കുന്ന പോലീസുകാരനോടു സഹപ്രവർത്തകൻ പറയുന്നുണ്ട്. 'ഈ രാത്രിയിൽ  എരിവും പുളിയുമുള്ള കഥ പറയ്' എന്ന്- നമ്മുടെ മാധ്യമങ്ങൾ എരിവും പുളിയുടെയും പിന്നാലെ മൈക്കു പിടിച്ചു ഓടുമ്പോൾ ദരിദ്രന്റെയും അനുകമ്പ അർഹിക്കുന്നവന്റെയും പീഢിതന്റെയും ഗദ്ഗദങ്ങൾ തങ്ങളുടെ റേറ്റിംഗിനുവേണ്ടി ഒഴിവാക്കുന്നു.

സമൂഹത്തിന്റെ രക്ഷിതാക്കളാകേണ്ട 'നാലാംതൂണ്' (Fourth estate) മാധ്യമങ്ങൾ ഇങ്ങനെയാകുമ്പോൾ മറ്റു മൂന്നുതൂണുകളും- ജുഡീഷ്യറി, ലജിസ്ലേച്ചർ, എക്സിക്യൂട്ടിവ് എന്നിവയുടെ ഗതിയും പരഗതിതന്നെ. വിധികല്പനകൾ ഉണ്ടായികഴിഞ്ഞാൽ അത് 'കല്ലിൽ കൊത്തിയ' പോലെ എന്ന ചിന്ത ഇന്നു പോയ് മറഞ്ഞിരിക്കുന്നു. ന്യായാധിപന്മാരുടെ രാഷ്ട്രീയചായ്വിനെപ്പറ്റിയും, അവിടങ്ങളിലെ ചില്ലറകിലുക്കങ്ങളെപ്പറ്റിയും അന്തിചർച്ചകളിൽ തലനാരിഴ കീറി പരിശോധിക്കുമ്പോൾ നമ്മുടെ ശിരസു കുനിയണം-യുഗായുഗാന്തരങ്ങളായി നാം പഠിച്ച് മനസിൽ ചില്ലിട്ടുവെച്ച 'ഇന്ത്യ' എന്ന രാജ്യനാമധേയംപോലും മാറ്റിമറിച്ച് സ്വയം കൃതാർത്ഥരാകുന്ന ഭരണകൂടം ഈ സമൂഹത്തെ എവിടെകൊണ്ട് എത്തിക്കും. ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്നു പുകൾപെറ്റ രാജ്യത്തിന്റെ പ്രധാന നിയന്ത്രണം സവർണ്ണ മേധാവിത്വത്തിലേയ്ക്ക് തിരികെ കൊണ്ടുപോവാൻ ശ്രമിക്കുന്നതും, ഇവിടം ഞങ്ങളുടേതാണ് മറ്റുള്ളവർ രാജ്യം വിട്ടുപോകുകയോ, ഞങ്ങൾക്ക് കീഴടങ്ങി, ഞങ്ങളുടെ അനുഷ്ഠാനങ്ങളുടെ മിച്ചകഞ്ഞി കുടിച്ചു കഴിഞ്ഞുകൊള്ളണമെന്ന പ്രഖ്യാപനങ്ങൾ നമ്മെ ബാധിക്കുന്നേയില്ല. നാം കണ്ടിട്ടും, കേട്ടിട്ടും കുഞ്ഞാടിനെപ്പോലെ അവ ഉൾക്കൊള്ളുന്നു. ഇതെല്ലാം സാമാന്യ ജനങ്ങളുടെമേലുള്ള നീതിനിഷേധങ്ങളാണ്. മൗലികാവകാശങ്ങളുടെമേലും ഭരണഘടനയ്ക്കുമേലും ഭരണകൂടമോ, ശക്തന്മാരോ, കോർപ്പറേറ്റോ, മേൽകോയ്മ സ്ഥാപിക്കാനുള്ള ശ്രമത്തെ പ്രതിരോധിക്കണം.

❖❖❖

# ഹരിത സമൃദ്ധി

## മത്സ്യകർഷകക്ക് പുതിയ ഉത്പ്പാദകസംഘം രൂപീകരിച്ചു

കുട്ടനാട്ടിലെ മത്സ്യകർഷകർക്കായി പുതിയ മത്സ്യകർഷക ഉത്പ്പാദകസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചു. ഏപ്രിൽ 20 ന് മാമ്പുഴക്കരി ക്രിസ് സെന്ററിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ പ്രഥമയോഗം ചേർന്ന് പ്രൊമോട്ടർമ്മാരെ തെരഞ്ഞെടുത്തു. ചാസ് ഡയറക്ടർ ചെയർമാനായും, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം മാനേജിംഗ് ഡയറക്ടറായുമുള്ള ഒരു കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.



## കൃഷിക്കൂട്ടം രൂപീകരിച്ചു

കാർഷിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കേരള ഗവൺമെന്റ് ആവിഷ്ക്കരിച്ച 'കൃഷിക്കൂട്ടം' പദ്ധതിയിൽ ചാസിന്റെ ആഭിമുഖ്യത്തിൽ കർഷകരെ സംഘടിപ്പിച്ചുകൊണ്ട് ചങ്ങനാശ്ശേരി ബൈപ്പാസ് റോഡിന് സമീപവും, കുറുമ്പനാടം സമൃദ്ധ കേന്ദ്രീകരിച്ചും കൊല്ലം ജില്ലയിലെ ഫിൽഗിരിയിലും കൃഷിക്കൂട്ടം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

കാർഷിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കേരള ഗവൺമെന്റ് ആവിഷ്ക്കരിച്ച 'കൃഷിക്കൂട്ടം' പദ്ധതിയി മെയ് 6

മുതൽ ഫിൽഗിരി യൂണിറ്റിൽ പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു നടയ്ക്കൽ ഉദ്ഘാടനം ചെയ്തു. 12 കർഷകർ സഹകാരികളാണ്.

**ഹരിത ഫാർമേഴ്സ് ക്ലബ് വാർഷിക പൊതുയോഗം**

കൊടുപ്പുന്ന ഹരിത ഫാർമേഴ്സ് ക്ലബിന്റെ വാർഷിക പൊതുയോഗം ജൂൺ 4 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് തൈച്ചേരിൽ അദ്ധ്യക്ഷതവഹിച്ചു. സെക്രട്ടറി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി 45 കുടുംബങ്ങൾക്ക് തെങ്ങിൻ തൈ വിതരണം ചെയ്തു.

**കർഷക സംഗമം**

കൂരോപ്പട ചാസ് ഹരിത ഫാർമേഴ്സ് ക്ലബിന്റ് ആഭിമുഖ്യത്തൽ മെയ് 31 ന് കർഷക സംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ ജോസ് പാറശ്ശേരി അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും സൗജന്യമായി പച്ചക്കറിതൈ വിതരണം ചെയ്തു.



**കാർഷിക സെമിനാർ**

കുറുമ്പനാടം യൂണിറ്റിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 4 ന് കാർഷിക സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ വെരി റവ. ഫാ. ചെറിയാൻ കറുക

പ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. മാടപ്പള്ളി കൃഷി അസി. ഡയറക്ടർ ശ്രീമതി അനീന സൂസൻ കാർഷിക സെമിനാർ നയിച്ചു. റവ. ഫാ. മാത്യു അഞ്ചിൽ, യൂണിറ്റ് സെക്രട്ടറി ശ്രീ. പ്രസാദ് ജേക്കബ്, ശ്രീ. തോമസ് ജെ. മാന്തറ എന്നിവർ പ്രസംഗിച്ചു.



**കാർഷിക സെമിനാറും-സൗജന്യ തെങ്ങിൻതൈ വിതരണവും**

ഫിൽഗിരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 24 ന് സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ കാർഷിക സെമിനാറും സൗജന്യ തെങ്ങിൻതൈ വിതരണവും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു നടയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. കോട്ടുക്കൽ കൃഷി ഓഫീസർ ശ്രീമതി ഐ. സുമി ആധുനിക കൃഷി രീതികൾ, സർക്കാരിന്റെ കാർഷിക സഹായപദ്ധതികൾ എന്നിവയെക്കുറിച്ച് ക്ലാസ് നയിച്ചു. പ്രസിഡന്റ് ശ്രീ. റോയി കാരുവേലിൽ, സെക്രട്ടറി ശ്രീ. ജോണി ചെറിയാന്തറയിൽ, ചാസ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**സൗജന്യ പച്ചക്കറി വിത്തുവിതരണം**

മുഹമ്മ യൂണിറ്റിൽ ഹരിത ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ കർഷകദിനത്തോടനുബന്ധിച്ച് സൗജന്യ പച്ചക്കറി വിത്തുവിതരണം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി കാട്ടൂപ്പാറ, പ്രസിഡന്റ് ശ്രീ. സെബാൻ യോഗ്യാവീട്, സെക്രട്ടറി ശ്രീ. തോമസ് വള്ളോന്തറ, ഫാർമേഴ്സ് ക്ലബ് ഭാരവാഹികളായ ശ്രീ. തോമസ് അടയ്ക്കാശ്ശേരി, ശ്രീ. തങ്കച്ചൻ പുല്ലൂംപാറ എന്നിവർ നേതൃത്വം നൽകി.

❖❖❖



## തണൽ

### ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സാമൂഹിക സുരക്ഷാസഹായ പദ്ധതികൾ വഴി 2023 ഏപ്രിൽ-സെപ്റ്റംബർ മാസങ്ങളിൽ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം (10,000/- രൂപ വീതം 21 കുടുംബങ്ങൾക്ക് Rs. 2,10,000/- നൽകി)**

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 625. ആനിമ്മ കുഞ്ഞുമോൻ | ആശാജീവൻ | ചീപ്പുങ്കൽ | കുടമാളൂർ |
| 626. ഏലിക്കുട്ടി മാണി | മരിയ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 627. മേഴ്സി രാരിച്ചൻ | ഐശ്വര്യ | പുറക്കാട് | ആലപ്പുഴ |
| 628. അന്നമ്മ ഫിലിപ്പോസ് | മേരിമാത | പച്ച | എടത്വ |
| 629. ജോർജ്ജുകുട്ടി വർഗീസ് | ദർശന | ഇരവുചിറ | കുറുമ്പനാടം |
| 630. സജിമോൻ കടമേട് | ഹൃദയപക്ഷം | പുതുക്കരി | എടത്വാ |
| 631. രാധാമണി രവി | ജ്യോതിസ് | കിടങ്ങറ | ചങ്ങനാശ്ശേരി |
| 632. ജയിംസ് ആന്റണി | അമല | തത്തംപള്ളി | ആലപ്പുഴ |
| 633. വി.എം. ജോസഫ് | ഫ്രണ്ട്സ് | ചാഞ്ഞോടി | തൃക്കൊടിത്താനം |
| 634. ത്രേസ്യാമ്മ ജോസഫ് | ശക്തി | പൊടിപ്പാറ | തുരുത്തി |

| | | | |
|---|---|---|---|
| 635. തോമസ് വി.റ്റി. | കൃപ | ചങ്ങങ്കരി | എടത്വാ |
| 636. ഷാലി അബ്രഹാം | ലാവണ്യ | ഇത്തിത്താനം | തുരുത്തി |
| 637. ജെയിംസ് ആന്റണി | അമല | തത്തംപള്ളി | ആലപ്പുഴ |
| 638. കെ.എൽ. ജോസഫ് | സമൃദ്ധി | ആറാട്ടുവഴി | ആലപ്പുഴ |
| 639. റോണി ജോർജ്ജ് | പുലരി | എടത്വാ | എടത്വാ |
| 640. സൂസമ്മ വർഗീസ് | മന്ന | എടത്വാ | എടത്വാ |
| 641. ഷേർഷി തോമസ് | ലൂർദ്ദ് | എടത്വാ | എടത്വാ |
| 642. സാറാമ്മ റൈറ്റസ് | ഉഷസ് | ഡാൽമുഖം | അമ്പൂരി |
| 643. തങ്കച്ചൻ മനയത്ത് | സ്നേഹധാര | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 644. ജോസ് തോമസ് | സെന്റ് സെബാസ്റ്റ്യൻ | മുടിയൂർക്കര | കുടമാളൂർ |
| 645. ശശികല ദേവരാജൻ | കരുണ | കിടങ്ങറ | ചങ്ങനാശ്ശേരി |

## (2) മ്യൂചൽ ബെനഫിറ്റ് സ്കീം (2023 ഏപ്രിൽ-സെപ്റ്റംബർ)

### ◆ മരണാനന്തരസഹായം

(10,000/- രൂപ വീതം 57 കുടുംബങ്ങൾക്ക് **Rs.** 5,70,000/- നൽകി)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 868. ലില്ലിക്കുട്ടി ടോമി പുത്തൻപുരയിൽ | മാന്നില | കുറുമ്പനാടം |
| 869. വർക്കി ജോർജ്ജ് പെൻതാനത്ത് | ചേപ്പുംപാറ | കോട്ടയം |
| 870. ജോസഫ് ചാക്കോ പന്തപ്പാട | പഴവങ്ങാടി | ആലപ്പുഴ |
| 871. മോനിയമ്മ പാറത്തറ | അമ്പലപ്പുഴ | എടത്വാ |
| 872. സരസമ്മ രാമവിലാസം | ഫിൽഗിരി | കൊല്ലം |
| 873. ത്രേസ്യാമ്മ മാത്യു ചെത്തിപ്പുഴ | കുറുമ്പനാടം | കുറുമ്പനാടം |
| 874. ലീലാമ്മ ബേബിച്ചൻ വള്ളിക്കാട്ടിൽ | പൂന്തോപ്പ് | ആലപ്പുഴ |
| 875. മോളിക്കുട്ടി വർഗീസ് പുത്തൻപുരയ്ക്കൽ | പൂന്തോപ്പ് | ആലപ്പുഴ |
| 876. മേഴ്സി രാരിച്ചൻ, വാണിയപ്പുരയ്ക്കൽ | പുറക്കാട് | ആലപ്പുഴ |
| 877. ജോൺ ജോസഫ് ജോബിൻ നിവാസ് | ആറുമാനൂർ | അതിരമ്പുഴ |
| 878. അച്ചാമ്മ ലോറൻസ് പാലാരിമംഗലം | ആര്യങ്കാവ് | കൊല്ലം |
| 879. അച്ചാമ്മ അബ്രഹാം മാവുങ്കൽ | ആര്യങ്കാവ് | കൊല്ലം |
| 880. റോസമ്മ വർഗീസ് നെടുംപറമ്പിൽ | പുഴവാത് | ചങ്ങനാശ്ശേരി |
| 881. അന്നമ്മ പീലിപ്പോസ് പടിഞ്ഞാറേകാട്ടുങ്കൽ | പച്ച | എടത്വാ |
| 882. മേരിക്കുട്ടി ചാക്കോ വടക്കേപറമ്പിൽ | പനയമ്പാല | നെടുംകുന്നം |
| 883. ജോർജ്ജി അലക്സ്, ആറ്റുപുറം | മുട്ടാർ ഓൾഡ് | എടത്വാ |
| 884. ചാച്ചപ്പൻ വാണിയപ്പുരയ്ക്കൽ | കൊണ്ടാക്കൽ | ചമ്പക്കുളം |
| 885. തോമസ് വി.റ്റി., വാളംപറമ്പിൽ | ചങ്ങങ്കരി | എടത്വാ |
| 886. സിബി മാത്യു പാടിയത്ത് | വെട്ടിമുകൾ | അതിരമ്പുഴ |

| | | |
|---|---|---|
| 887. കുഞ്ഞമ്മ ബേബി, ചുണ്ടക്കാട്ടിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 888. എം.എം. ദേവസ്യ 32-ൽ ചിറ | പള്ളാത്തുരുത്തി | ആലപ്പുഴ |
| 889. ഏലിക്കുട്ടി പെയിനുംമൂട്ടിൽ | മീൻകുളം | കൊല്ലം |
| 890. തങ്കമ്മ മൂലേറ്റ് | മുടിയൂർക്കര | കുടമാളൂർ |
| 891. സന്തോഷ് ചാക്കോ, പാറക്കുഴി | മൈലാടി | നെടുംകുന്നം |
| 892. മാർത്താ പത്രോസ്, മറശ്ശേരിപ്പറമ്പിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 893. കെ.പി. രാജപ്പൻ, കൊച്ചുപറമ്പ് | ചമ്പക്കുളം | ചമ്പക്കുളം |
| 894. സെബാസ്റ്റ്യൻ ആന്റണി, അറയ്ക്കൽ | ചമ്പക്കര | നെടുംകുന്നം |
| 895. വൽസമ്മ ചെറിയാൻ സ്രാംമ്പിക്കൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 896. ഷാലി അബ്രഹാം, കാലായിൽ | ഇത്തിത്താനം | തുരുത്തി |
| 897. മിനു ജേക്കബ്, വടകര | കിടങ്ങറ | ചങ്ങനാശ്ശേരി |
| 898. നിഥിൻ പുതുപ്പറമ്പിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 899. ഐഷ ശശി തോട്ടുങ്കൽ | മുഹമ്മ | ആലപ്പുഴ |
| 900. അന്നമ്മ ജോസഫ് ചേരിക്കേവിൽ | കുറിച്ചി | തുരുത്തി |
| 901. മേരിക്കുട്ടി ജോസ്ഫ് വെട്ടുകുഴി | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 902. മാത്തുക്കുട്ടി കുഞ്ഞാക്കോ, പതിനാറിൽ | പാദുവാപുരം | ആലപ്പുഴ |
| 903. കുര്യാക്കോസ് എം. ജെ. മുട്ടത്തിൽ | ഫിൽഗിരി | കൊല്ലം |
| 904. കെ. എൽ ജോസഫ്, പുത്തൻപുരയ്ക്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 905. ജോസഫ് ആന്റണി, ഏഴുപറയിൽ | തായങ്കരി | എടത്വാ |
| 906. തോമസ് ആന്റണി, പൊയ്കാരംകളം | തായങ്കരി | എടത്വാ |
| 908. വൽസമ്മ കെ. കുമരംപറമ്പിൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 907. ജോസഫ് ജോസഫ് പുന്നയ്ക്കൽ | പാറേൽ | ചങ്ങനാശ്ശേരി |
| 909. ഏലിയാമ്മ തോമസ് വഴിപ്പറമ്പിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 910. ബാബു വി.ആർ. വെട്ടിക്കാവുങ്കൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 911. റോസമ്മ ആന്റണി കട്ടിപ്പറമ്പിൽ | മുഹമ്മ | മുഹമ്മ |
| 912. മത്തായി ദേവസ്യ പൗവ്വത്തിൽ | പൊടിപ്പാറ | തുരുത്തി |
| 913. ബീന ദേവി വാണിയപ്പുരയ്ക്കൽ | ഐക്കരച്ചിറ | കുടമാളൂർ |
| 914. അന്നമ്മ സ്ക്കറിയാ പുത്തൻപുരയിൽ | ഐക്കരച്ചിറ | കുടമാളൂർ |
| 915. അക്കമ്മ ആന്റണി കക്കുഴി | കൊണ്ടാക്കൽ | ചമ്പക്കുളം |
| 916. ജോസഫ് കുര്യാക്കോസ് കുന്നിപ്പറമ്പ് | ഇത്തിത്താനം | തുരുത്തി |
| 917. മാർഗ്ഗരറ്റ് ഫ്രാൻസിസ് കാഞ്ഞിരംചിറ | ആറാട്ടുവഴി | ആലപ്പുഴ |
| 918. ലിസിയാമ്മ അബ്രഹാം | കിഴക്കേമിത്രക്കരി | എടത്വാ |
| 919. ജോസഫ് മത്തായി വടക്കേപ്പറമ്പിൽ | കുടമാളൂർ | കുടമാളൂർ |
| 920. മേരിക്കുട്ടി ജോസഫ് പുത്തൻവീട് | പാദുവാപുരം | ചമ്പക്കുളം |
| 921. സെബാസ്റ്റ്യൻ തോമസ് തടത്തിൽ | പാറേൽ | ചങ്ങനാശ്ശേരി |

| | | |
|---|---|---|
| 922. ഹബീബ് മുണ്ടാപ്പള്ളിൽ | ഫിൽഗിരി | കൊല്ലം |
| 923. ലതിക എ. രതിവിലാസം | ഫിൽഗിരി | കൊല്ലം |
| 924. ചെല്ലമ്മ പ്ലാവിലവീട് | ഫിൽഗിരി | കൊല്ലം |

## (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2023 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ചികിത്സാ ചെലവിനത്തിൽ 1,04,080/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. ജോസിൻ ജോയി, മാളിയേക്കൽ | വെരൂർ | 5,785/- |
| 2. ഡെയ്സി മാത്യു തെക്കേതോട്ടിൽ | അഞ്ചൽ | 7,075/- |
| 3. ലൂസി സ്കറിയ, പാലത്തൂർ | കുമാരനല്ലൂർ | 8,550/- |
| 4. സിറിൾ ജോൺ, കുളങ്ങരമുറി | മണിമല ന്യൂ | 4,560/- |
| 5. മറിയമ്മ തോമസ്, മുല്ലശ്ശേരി | കൂത്രപ്പള്ളി | 10,825/- |
| 6. ബിനു ജോസഫ്, വാലുപറമ്പിൽ | രാമങ്കരി | 4,178/- |
| 7. ജോസ് പുതുപ്പള്ളി | വാഴൂർ | 9,800/- |
| 8. ജിജി തങ്കച്ചൻ, മലങ്കുഴി | നാൽപ്പാത്തിമല | 5,500/- |

❖❖❖

## പാലിയേറ്റീവ് കെയർ & ഹോം നേഴ്സിംഗ്

കിടപ്പുരോഗികളെയും വൃദ്ധരെയും പരിചരിക്കാൻ വനിതാ ഹോം നേഴ്സുമാരെ പരിശീലിപ്പിക്കുന്ന പദ്ധതി NABARD ന്റെ സഹകരണത്തോടെ നടപ്പാക്കുന്നു. പത്താംക്ലാസ് എങ്കിലും വിദ്യാഭ്യാസ യോഗ്യതയുള്ള 18 മുതൽ 55 വയസുവരെ പ്രായ പരിധിയിൽപെട്ട 30 വനിതകൾക്കാണ് രോഗീശുശ്രൂഷയുടെ ംംസാങ്കേതികവും പ്രായോഗികവുമായ അടിസ്ഥാന വിഷയങ്ങളിൽ 60 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം നൽകുന്നത്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും, ചാസിന്റെ ഹോം നഴ്സിംഗ് പദ്ധതിയിൽ ജോലിയും ലഭിക്കും.

# പ്രോജക്ട് വാർത്തകൾ

**സജീവം-2023**

- **പോസ്റ്റർ രചന**

ലഹരി എന്ന വിപത്തിനെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയെ ആസ്പദമാക്കി സ്കൂൾ കുട്ടികൾക്കായി ജൂൺ 21 ന് പോസ്റ്റർ രചനാ മത്സരം ചങ്ങനാശ്ശേരി സെന്റ് ആൻസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ചു. 150 ൽപ്പരം വിദ്യാർത്ഥിനികൾ പങ്കെടുത്തു. ഹെഡ്മിസ്ട്രസ് റവ. സി. ബ്ലസിയാ FCC, SLCA ഫീൽഡ് കോർഡിനേറ്റർ ശ്രീ. കാർമ്മൽ ജോബി മാത്യു എന്നിവർ നേതൃത്വം നൽകി.



- **ലഹരി വിരുദ്ധദിനാചരണം**

അന്താരാഷ്ട്ര ലഹരി വുരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകളിലും 'ലഹരിവിരുദ്ധ സൗഹൃദ ചങ്ങല' ജൂൺ 25-ാം തീയതി ഞായറാഴ്ച സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ നിർദ്ദേശാനുസരണം ചാസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞയും, റാലിയും നടത്തി.

സജീവം-2023 ലഹരി വിരുദ്ധ കാമ്പേയിന്റെ ഭാഗമായി ജൂൺ 25 ന് വെളിയനാട് സെന്റ് സേവ്യേഴ്സ് പള്ളി പാരീഷ്ഹാളിൽ സ്വാശ്രയസംഘാംഗങ്ങൾക്കും സൺഡേസ്ക്കൂൾ കുട്ടികളുടെ മാതാപിതാക്കൾക്കും ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഇമ്മാനുവേൽ

നെല്ലുവേലിൽ അദ്ധ്യക്ഷതവഹിച്ചു. കറ്റാനം അക്സപ്റ്റ് ഡി-അഡി ക്ഷൻ സെന്റർ പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ലിജു തോമസ്, SLCA ഫീൽഡ് ഓഫീസർ ശ്രീ. കാർമ്മൽ ജോബി മാത്യു എന്നി വർ ക്ലാസ് നയിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ നേതൃത്വം നൽകി.



സജീവം-2023 ലഹരി വിരുദ്ധ കാമ്പേയിന്റെ ഭാഗമായി ജൂലൈ 2-ാം തീയതി ഞായറാഴ്ച രാമങ്കരി സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാർ സംഘടി പ്പിച്ചു. പുന്നപ്രാ ഡി-അഡ്ക്ഷൻ സെന്റർ പ്രോജക്ട് കോർഡി നേറ്റർ ശ്രീ. നിധിൻ ചന്ദ്ര ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. വർഗീസ് മതിലകത്തുകുഴി അദ്ധ്യക്ഷതവഹിച്ചു. സെ ക്രട്ടറി ടോമി തോമസ്, സൺഡേ സ്ക്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. എബിൻ അലക്സാണ്ടർ, മേഖലാ കോർഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ, എന്നിവർ പ്രസംഗിച്ചു. സ്വാശ്രയസംഘാംഗങ്ങൾ സൺഡേസ്ക്കൂൾ കുട്ടികളുടെ മാതാപിതാക്കൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

സജീവം-2023 ലഹരി വിരുദ്ധ കാമ്പേയിന്റെ ഭാഗമായി കത്തീ ഡ്രൽ-അസംപ്ഷൻ സൺഡേസ്ക്കൂൾ കുട്ടികൾക്കായി ജൂലൈ



9 ഞായറാഴ്ച അസംപ്ഷൻ ഇൻഡോർ സ്റ്റേഡിയത്തിൽ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. കത്തീഡ്രൽ അസി. വികാരി റവ. ഫാ. ടോജോ പുളിക്കപടവിൽ അദ്ധ്യക്ഷതവഹിച്ചു. കറ്റാനം അക്സപ്റ്റ് ഡി-അഡിക്ഷൻ സെന്റർ പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ലിജു തോമസ് SLCA ഫീൽഡ് ഓഫീസർ ശ്രീ. കാർമ്മൽ ജോബി മാത്യു എന്നിവർ ക്ലാസ് നയിച്ചു.

- **ഒപ്പ് ശേഖരണം**

ലഹരിക്കെതിരെ മനുഷ്യമനസാക്ഷിയെ ഉണർത്താനും സർക്കാരിന്റെ ശ്രദ്ധ ഈ മേഖലയിൽ കാര്യക്ഷമമാക്കുന്നതിനുമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഒപ്പ് ശേഖരണം നടത്തി.

**ആന്റി നാർകോട്ടിക് ദിനാചരണം**

ചാസ് യൂണിറ്റുകൾ, സ്കൂളുകൾ, നാല്ക്കവലകൾ, ബസ്റ്റാന്റ് എന്നിവിടങ്ങളിൽ ആന്റി നാർകോട്ടിക് ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 1 മുതൽ 26 വരെ മദ്യവിരുദ്ധ ബോധവത്ക്കരണ ക്ലാസ്, തെരുവ് നാടകം, മൂകാഭിനയം, ഒപ്പ് ശേഖരണം, ലഹരി വിരുദ്ധസന്ദേശം എന്നിവ സംഘടിപ്പിച്ചു.




| *തീയതി* | *സ്ഥലം* |
|---|---|
| ജൂൺ 1 | വടക്കേക്കര, കുന്നേപ്പടി |
| ജൂൺ 13 | സെന്റ് തെരേസാസ്, വാഴപ്പള്ളി PTA |
| ജൂൺ 14 | മല്ലപ്പള്ളി ഖാദിഭവൻ |
| ജൂൺ 15 | പായിപ്പാട് ലൂർദ്ദ്മാതാ ചർച്ച് |
| ജൂൺ 16 | ഫാത്തിമ മാതാ ചർച്ച്, ഫാത്തിമാപുരം |



സെന്റ് തെരേസാസ്, വാഴപ്പള്ളി PTA

ജൂൺ 17 ചാസ് കേന്ദ്ര ഓഫീസ് - ഓട്ടോ-ടാക്സി ഡ്രൈവേഴ്സ്, വള്ളംചിറ, മണിമല

ജൂൺ 19 പോപ്പ് പയസ് സ്കൂൾ, കറ്റാനം, എടത്വാ ടൗൺ ജംഗ്ഷൻ, മുട്ടാർ സെന്റ് ജോർജ്ജ് ചർച്ച്, തകഴി ടൗൺ ജംഗ്ഷൻ, കൈനടി സ്കൂൾ, കൈനടി ബസ്റ്റാന്റ്, ചാലചിറ, കിടങ്ങറ ജംഗ്ഷൻ




ചാസ് കേന്ദ്ര ഓഫീസ് - ഓട്ടോ- ടാക്സി ഡ്രൈവേഴ്സ്

ജൂൺ 20 സെന്റ് തോമസ് ഹോസ്പിറ്റൽ കറ്റാനം, വെട്ടികോട്, ചാരംമൂട്, ചെങ്ങന്നൂർ KSRTC ബസ്റ്റാന്റ്

ജൂൺ 23 തോട്ടയ്ക്കാട്, കറ്റാനം, പുന്നപ്രാ- കാർമ്മൽ പോളിടെക്നിക്, പുന്നപ്രാ

ജൂൺ 24 ചെത്തിപ്പുഴ, ളായിക്കാട്

ജൂൺ 26 AKMസ്കൂൾ മോർക്കുളങ്ങര, സെന്റ് ജോസഫ്സ് ചർച്ച്, കൊടുപ്പുന്ന



കൃഷിപാഠം

## ചിപ്പി കൂൺ

കേരളത്തിലെ കാലാവസ്ഥയിൽ ഏറ്റവും ആദായകരമായി കൃഷി ചെയ്യാവുന്ന ഒന്നാണ് ചിപ്പികൂൺ. കൂൺ വളർത്തുന്നതിന് വൈക്കോൽ, അറക്കപ്പൊടി എന്നിവ ആവശ്യമാണ്. അധികം പഴക്കം ഇല്ലാത്ത സ്വർണ്ണ നിറത്തിലുള്ള വൈക്കോലാണ് ഉപയോഗിക്കേണ്ടത്.

**വൈക്കോൽ പാകമാക്കേണ്ട വിധം**

വൈക്കോൽ ചുരുട്ടിയോ ചെറിയ കഷ്ണങ്ങളാക്കിയോ എടുത്ത് 12 മുതൽ 18 മണിക്കൂർ വരെ വെള്ളത്തിൽ മുക്കി വയ്ക്കുക. തുടർന്ന് വൈക്കോലിൽ നിന്ന് വെള്ളം വാർന്നുപോകുന്നതിനായി അല്പം ഉയർന്ന പ്രതലത്തിൽ വയ്ക്കുക. ഏകദേശം രണ്ട് മണിക്കൂർ കഴിഞ്ഞ് ഈ വൈക്കോൽ അര മുതൽ മുക്കാൽ മണിക്കൂർ നേരം വരെ തിളപ്പിക്കുക. ആവിയിൽ പുഴുങ്ങിയെടുത്താലും മതി. ഇത് വൃത്തിയുള്ള പ്രതലത്തിൽ 7–8 മണിക്കൂർ നിരത്തിയിടുക. കൈ കൊണ്ട് പിഴിയുമ്പോൾ ഈർപ്പം പറ്റാത്ത അവസ്ഥയിൽ ആയിരിക്കണം വൈക്കോൽ പാകമാക്കേണ്ടത്.

**ബെഡ്ഡുകൾ തയ്യാറാക്കുന്നവിധം**

ബെഡ്ഡുകൾ തയ്യാറാക്കുന്നതിന് 30. സെന്റീമീറ്റർ വീതിയും 60 സെന്റീമീറ്റർ നീളവുമുള്ള പോളിത്തീൻ കവറുകൾ (200 ഗേജ് കനം) എടുക്കുക. കവറിന്റെ അടിഭാഗം നന്നായി കെട്ടി മറ്റേ അറ്റം നന്നായി വിടർത്തി വെച്ച് അതിലൂടെ ആദ്യം ഒരു വൈക്കോൽ ചുരുൾ കൈ കൊണ്ട് നന്നായി അമർത്തി വയ്ക്കുക. അതിനുമീതെ വശങ്ങളിൽ മാത്രം കൂൺ വിത്ത് വിതറുക. അതിനുമീതെ വീണ്ടും അടുത്ത വൈക്കോൽ ചുരുൾ വയ്ക്കുക. ഇതിന്റെ വശങ്ങളിലും കൂൺ വിത്ത് വിതറുക. ഇങ്ങനെ മൂന്നോ നാലോ തട്ട് വരെ ഒറ്റ കവറിൽ നിറയ്ക്കാം. ഏറ്റവും മുകളിൽ നന്നായി കൂൺ വിത്ത് വിതറിയിട്ട് ഒരു പ്ലാസ്റ്റിക്ക് നൂൽ കൊണ്ട് കവർ നന്നായി മുറുക്കി കെട്ടുക. അണുവിമുക്തമാക്കിയ ഒരു മൊട്ടുസൂചി കൊണ്ട് കവറിന്റെ വശങ്ങളിൽ ചെറിയസുഷിരങ്ങൾ ഇട്ടതിനുശേഷം കൂൺ തടങ്ങൾ വൃത്തിയുള്ള ഇരുട്ടുമുറിയിൽ തൂക്കിയിടുക.

12–15 ദിവസത്തിനുള്ളിൽ കൂൺ തന്തുക്കൾ കവറിനുള്ളിൽ വളർന്നു വ്യാപിക്കും. ഹാൻഡ് സ്പ്രേയർ ഉപയോഗിച്ച് വെള്ളം തളിച്ച് ബെഡ്ഡിൽ നനവ് നിലനിർത്തണം. ഒരു ബ്ലേഡ് കൊണ്ട് തടത്തിൽ ചെറിയ കീറലുകൾ ഉണ്ടാക്കണം. ഇനി തടങ്ങൾ സാമാന്യം ഈർപ്പവും വെളിച്ചവുമുള്ള മുറിയിലേയ്ക്ക് മാറ്റാം. ദിവസവും രണ്ടുനേരം നനയ്ക്കണം. 3–4 ദിവസം കൊണ്ട് കൂൺ പുറത്തേക്കു വളരും അപ്പോൾ വിളവെടുക്കാം. ബെഡ്ഡുകൾ വീണ്ടും അല്പം വെള്ളം നനച്ചു സൂക്ഷിച്ചാൽ നാലഞ്ചുദിവസം കഴിയുമ്പോൾ വീണ്ടും കൂൺ മുളച്ചുവരുന്നത് കാണാം. ഇങ്ങനെ മൂന്നു പ്രാവശ്യംവരെ ഒരു കൂൺ തടത്തിൽ നിന്നും വിളവെടുക്കാം.◆

# കേന്ദ്ര വാർത്തകൾ

## വാർഷിക അവലോകനവും പദ്ധതി രൂപീകരണവും

ചാസിന്റെ 2022-23 കാലയളവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി രൂപരേഖയും ബഡ്ജറ്റും തയ്യാറാക്കുന്നതിനും വേണ്ടി ചാസ് കോൺഫറൻസ് ഹാളിൽ 2023 ഏപ്രിൽ 1, 6 തീയതികളിൽ CHASS Annual Planning and Evaluation സംഘടിപ്പിച്ചു. സംഘം, യൂണിറ്റ്, മേഖലാതലത്തിൽ നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തി അടുത്ത




വർഷത്തേയ്ക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അസി. ഡയറക്ടർമാരായ ഫാ. ജോർജ്ജ് പനക്കേഴം, ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രോജക്ട് ഓഫീസർ സിസ്റ്റർ സെൽമ SRA എന്നിവർ നേതൃത്വം നൽകി.

## ചാസ് You Tube ആരംഭിച്ചു

ചാസിന്റെ ഔദ്യോഗിക You Tube 2023 ഏപ്രിൽ 17 ന് പ്രവർത്തനം ആരംഭിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ചാസിന്റെ എല്ലാ പ്രവർത്തനങ്ങളും ഇനിമുതൽ You Tube ലൂടെ അറിയാവുന്നതാണ്. പ്രാദേശികയൂണിറ്റുകളിലും, സ്വാശ്രയസംഘങ്ങളിലും ചാസിന്റെ ഇതരപ്രവർത്തനമേഖലകളിലും നടപ്പിലാക്കുന്ന പദ്ധതികളും പ്രവർത്തന

ങ്ങളും കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കുന്ന മുറയ്ക്ക് You Tube ൽ അപ്പ്ലോഡ് ചെയ്യുന്നതാണ്.

**ശലഭം–2023**

കുട്ടികൾക്ക് അവധിക്കാലം സന്തോഷപ്രദവും ഫലപ്രദവും ആക്കുവാൻ ചാസിന്റെ നേതൃത്വത്തിൽ സമ്മർ ക്യാമ്പ് 'ശലഭം -2023' മെയ് 18, 19 തീയതികളിൽ കൊടുപ്പുന്ന സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ അദ്ധ്യക്ഷതവഹിച്ചു. നേതൃത്വ



പരിശീലനം, വ്യക്തിത്വ വികസനം, ആശയവിനിമയം, ഗ്രൂപ്പ് ചർച്ചകൾ, വിവിധ കലാകായിക പരിപാടികൾ തുടങ്ങിയവ ക്യാമ്പിന്റെ പ്രത്യേകതകളായിരുന്നു. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. റോണി മുണ്ടുചിറ, ശ്രീ. ബിജുമോൻ അൻപതിൽചിറ എന്നിവർ പ്രസംഗിച്ചു.

**വിപണി ഇടപെടലുകൾ–സംസ്ഥാനതല സമ്മേളനം**

കേരള ഗവൺമെന്റിന്റെ രണ്ടാം വർഷികത്തോടനുബന്ധിച്ചുള്ള മൂന്നാമത് നൂറുദിന കർമ്മ പരിപാടികളിലെ വിപണി ഇടപെടലുകളുടെ ഭാഗമായി 2023 മെയ് 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് പാല മുനിസിപ്പൽ ടൗൺ ഹോളിൽ സംഘടിപ്പിച്ച സംസ്ഥാനതല സമ്മേളനത്തിൽ ചാസിനെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സംസാരിച്ചു.

**എന്റെ കേരളം പ്രദർശന വിപണനമേള**

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കോട്ടയം നാഗമ്പടം മൈതാനിയിൽ മെയ് 15 മുതൽ 21 വരെ സംഘടിപ്പിച്ച എന്റെ കേരളം പ്രദർശന വിപണനമേളയിൽ ചാസ്




സ്വാശ്രയവിപണി ഉൽപ്പന്നങ്ങളുടെയും ഖാദി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളുടെയും പ്രദർശനവും വിപണനവും നടത്തി.

**ചാസ് ഗ്രാമ ബസാർ ഉദ്ഘാടനം ചെയ്തു**

കേരള ഗവൺമെന്റിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പ്രഖ്യാപിച്ച 100 ദിനകർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ചാസിന് അനുവദിച്ച കാർഷികോൽപ്പന്നങ്ങളുടെ പ്രീമിയം ഔട്ട്ലെറ്റ് 'ചാസ് ഗ്രാമബസാർ' ന്റെ ആശീർവാദകർമ്മം 2023 മെയ് 25 നു ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു. ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ ഉദ്ഘാടനം നിർവ്വഹിച്ചു. കോട്ടയം പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ ശ്രീമതി ഗീത വർഗീസ്, ചങ്ങനാശേരി മുനിസിപ്പൽ



വൈസ് ചെയർമാൻ ശ്രീ. ബെന്നി പുതുപ്പറമ്പിലിന് ഉൽപ്പന്നങ്ങൾ നൽകി ആദ്യവിൽപ്പന നിർവ്വഹിച്ചു. ചാസ് പ്രസിഡന്റും വികാരി ജനറാളുമായ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, കൃഷി അസി. ഡയറക്ടർ ശ്രീമതി അനീന സൂസൻ സ്കറിയ, ചങ്ങനാശ്ശേരി കൃഷി ഓഫീസർ ശ്രീ. ബിജു പി. എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. ചാസ് അസി. ഡയറക്ടർമാരായ ഫാ. ജോർജ്ജ് പനക്കേഴം, ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, ശ്രീ. ബേബി ജോസഫ് എന്നിവർ നേതൃത്വം നൽകി. കർഷകരിൽ നിന്നും, സ്വാശ്രയസംഘങ്ങളിൽ നിന്നും നേരിട്ട് സമാഹരിക്കുന്ന വിഷരഹിത കാർഷികോൽപ്പന്നങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും ഇടനിലക്കാരെ ഒഴിവാക്കി മിതമായ വിലയ്ക്ക് ലഭ്യമാക്കിവരുന്നു.

**ഇടയസന്ദർശനം**

ചങ്ങനാശ്ശേരി അതിരൂപതയുടെ അഭിവന്ദ്യ പിതാവ് മാർ ജോസഫ് പെരുന്തോട്ടവും, അതിരൂപതാ വികാരിജനറാളും ചാസ് പ്രസിഡന്റുമായ പെരി. ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചനും ചാസ് കേന്ദ്ര ഓഫീസ് സന്ദർശിച്ച് ഡയറക്ടർമാരും സ്റ്റാഫ് അംഗങ്ങളുമായി ചാസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും



ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ചെയ്തു. 2023 മെയ് 31-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 5 മണിവരെയായിരുന്നു പിതാവിന്റെ സന്ദർശനം. ചാസ് കേന്ദ്ര ഓഫീസ്, ഖാദി ഗ്രാമവ്യവസായ മേഖല, കോപ്ടാക്, ഡി-അഡിക്ഷൻ തുടങ്ങി എല്ലാ മേഖലകളിലേയും പ്രവർത്തനങ്ങൾ ചോദിച്ചറിഞ്ഞ പിതാവ് ചാസ് സഭയുടെ

കാരുണ്യത്തിന്റെ മുഖമാണെന്ന് ഉദ്ബോധിപ്പിച്ചു. ചാസിനോടു സഹകരിച്ചു പ്രവർത്തിക്കുന്ന എല്ലാവരേയും അഭിവന്ദ്യ പിതാവ് അഭിനന്ദിക്കുകയും തുടർ പ്രവർത്തനങ്ങളിൽ അതിരൂപതയുടെ എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

**മേഖലാ PME**

ചാസ് യൂണിറ്റുതലപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കണക്കുകളും റിപ്പോർട്ടുകളും അവതരിപ്പിച്ച് വേണ്ട തിരുത്തലുകളും സമയബന്ധിതമായ ഇടപെടലുകളും നടത്തുന്നതിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും മേഖലാ PME കൾ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ ജോബി മാത്യു, അതാത് മേഖലകളുടെ



കോർഡിനേറ്റേഴ്സ് യൂണിറ്റ് മേഖലാ ഭാരവാഹികളുമായി ചർച്ച നടത്തി.

| *തീയതി* | *മേഖല* |
|---|---|
| 18.06.2023 | ചമ്പക്കുളം, പുളിങ്കുന്ന് |
| 19.06.2023 | ആലപ്പുഴ |
| 07.07.2023 | അതിരമ്പുഴ |
| 09.07.2023 | തൃക്കൊടിത്താനം |
| 16.07.2023 | കുറുമ്പനാടം |
| 18.07.2023 | അമ്പൂരി |
| 21.07.2023 | ചങ്ങനാശ്ശേരി |
| 22.07.2023 | കോട്ടയം, കുടമാളൂർ |
| 28.07.2023 | എടത്വാ |

29.07.2023 നെടുംകുന്നം, മണിമല
06.08.2023 തുരുത്തി

**പരിസ്ഥിതി ദിനാചരണം**

ചാസ് കേന്ദ്ര ഓഫീസിന്റെ ആഭിമുഖ്യത്തിൽ ചാസ്, കോപ് ടാക് സ്റ്റാഫ് അംഗങ്ങളെ ഉൾപ്പെടുത്തി ജൂൺ 5 ന് ചാസ് അങ്കണത്തിൽ പരിസ്ഥിതിദിനാചരണം സംഘടിപ്പിച്ചു. ചാസിന്റെ പരിസരവും ഓഫീസും വൃത്തിയാക്കുകയും ഓഫീസ് പരിസരത്ത് വൃക്ഷതൈകൾ നടുകയും ചെയ്തു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പരിസ്ഥിതിദിന സന്ദേശം നൽകി. അസി. ഡയറ




ക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, സ്റ്റാഫ് സെക്രട്ടറി ശ്രീമതി സജി ഷാജി എന്നിവർ പ്രസംഗിച്ചു. അസംപ്ഷൻ കോളേജ് സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ പരിസ്ഥിതിദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഫ്ളാഷ് മോബ് അവതരിപ്പിച്ചു.

**ത്രൈമാസ വിലയിരുത്തൽ**

ചാസ് പ്രാദേശിക യൂണിറ്റുകളുടെ ത്രൈമാസ (ഏപ്രിൽ-ജൂൺ) പ്രവർത്തന പുരോഗതി വിലയിരുത്തിൽ ജൂലൈ 12 ന് ചാസ് കോൺഫ്രൻസ് ഹാളിൽ നടത്തി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവരുടെ സാന്നിദ്ധ്യത്തിൽ

മേഖലാ കോർഡിനേറ്റർമാർ യൂണിറ്റുകളുടെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.

**കർഷക സംഗമം**

ജനവാസമേഖലയായ അമ്പൂരി, മായം പ്രദേശങ്ങളും മറ്റു സമീപപ്രദേശങ്ങളും പശ്ചിമഘട്ടത്തിലെ പരിസ്ഥിതി ലോല ബഫർ സോണായി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ കർഷകരും നാട്ടുകാരും അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അധികാരികൾക്കു മുൻപിൽ പ്രശ്ന പരിഹാരത്തിനായി സമീപിക്കുന്നതിനുമായി ഒരു കർഷക സമ്മേളനം അമ്പൂരി സെന്റ് ജോർജ്ജ് പാരീഷ് ഹാളിൽ 2023 ജൂലൈ 18 ന് സംഘടിപ്പിച്ചു. അമ്പൂരി ഫൊറോനാ വികാരി




വെരി. റവ. ഫാ. ഫ്രാൻസിസ് കരിവേലിൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ റവ. ഫാ. മാത്തുക്കുട്ടി മൂന്നാറ്റിൻമുഖം വിഷയാവതരണം നടത്തി. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ മുഖ്യപ്രഭാഷണവും, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖ സന്ദേശവും നൽകി. പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു ചർച്ചയ്ക്ക് നേതൃത്വം നൽകി. തുടർന്ന് ചെങ്കൽ കൃഷി ഓഫീസർ ശ്രീമതി ആൻസി വിവിധ സർക്കാർ പദ്ധതികൾ, കാർഷിക കലണ്ടർ, കൃഷിവകുപ്പിൽ നിന്നും ലഭ്യമാകുന്ന വിവിധ സഹായങ്ങൾ എന്നിവ വിശദീകരിച്ചു.

# Anti Narcotic Day



മുഹമ്മ


കിഴക്കേമിത്രക്കരി


അസംപ്ഷൻ കുറുമ്പനാടം


ആർപ്പൂക്കര


കത്തീഡ്രൽ


കട്ടച്ചിറ




മുട്ടാർ ഓൾഡ്



ളായിക്കാട്


പാറേൽ


മണിമല ഓൾഡ്


കാവാലം നോർത്ത്


ആറുമാനൂർ


കടയനിക്കാട്


പുല്ലങ്ങടി


ചേപ്പുംപാറ


ചാഞ്ഞോടി


ഈര - ലൂർദ്ദ് മാതാ


കാവാലം ലിസ്യൂ


കിടങ്ങറ


പള്ളിക്കൂട്ടുമ്മ


നെടുങ്കുന്നം


കോയിൽമുക്ക്


കുടമാളൂർ


മാന്നില


കുളത്തൂർ


കുമരകം നവനസ്രത്ത്


പൊങ്ങ

**സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ**

BCM കോളേജ് കോട്ടയം, സെന്റ് ജോസഫ് കോളേജ് ബാംഗളൂർ, രാജഗിരി കോളേജ് കളമശ്ശേരി, Indian Institute of Management Rohtak ഹരിയാന, മാർശ്ലീവാ കോളേജ് ഓഫ് ആർട്ട്സ് & സയൻസ് ഇടുക്കി, Montfort Institute of Advanced Studies Bangalore, മലങ്കര കാത്തലിക് കോളോജ് കന്യാകുമാരി, Christ College Bangalore, ചങ്ങനാശ്ശേരി അസംപ്ഷൻ, മുണ്ടക്കയം ശ്രീശബരീശ കോളേജ്,



ഏറ്റുമാനൂരപ്പൻ കോളേജ്, ചങ്ങനാശ്ശേരി SB കേളേജ്, ഇഗ്നോ യൂണിവേഴ്സിറ്റി, സെന്റ് ഗ്രിഗോറിയോസ് പരുമല എന്നീ കോളേജുകളിൽ നിന്നും വന്ന MSW, BSW B.Com, BBA, MBA, LLB വിദ്യാർത്ഥികൾക്ക് മെയ് 2, 15 ജൂൺ 1, 9, ജൂലൈ 21, 26, 31, ഓഗസ്റ്റ് 4, സെപ്റ്റം 16 തീയതികളിൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രോജക്ട് ഓഫീസർ സിസ്റ്റർ സെൽമ SRA എന്നിവർ ക്ലാസ് നയിച്ചു.

**റിഹാസ്ബിസ് ഗുണഭോക്താക്കളുടെ ഭവനസന്ദർശനം**

ചാസ്-റിഹാസ്ബിസിന്റെ സഹായത്തോടെ ഭിന്നശേഷിക്കാർക്കുവേണ്ടി നടപ്പിലാക്കിവരുന്ന സ്വയം തൊഴിൽ പദ്ധതിയിലേയ്ക്ക് കൊടിനാട്ടുംകുന്ന്, ചമ്പക്കര, നെടുംകുന്നം, ഫാത്തിമാപുരം, പനയമ്പാല, പുളിംകുന്ന്, എടത്വാ മേഖലകളിൽ നിന്നും 2023-24 വർഷത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട 20 ഗുണഭോക്താക്കളുടെ വീടു

കൾ ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രോജക്ട് കോർഡിനേറ്റർ ശ്രീമതി ഷീബാ സന്തോഷ് എന്നിവരുടെ നേതൃത്വത്തിൽ സന്ദർശിച്ചു.

## റിഹാസ്വിസ് ലോൺമേള

ചാസ്-റിഹാസ്വിസിന്റെ സഹായത്തോടെ ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് നൽകിവരുന്ന സഹായ പദ്ധതിയുടെ വിതരണോദ്ഘാടനം ആഗസ്റ്റ് 16 ന് ചാസ് ഓഡിറ്റോറിയത്തിൽ ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു. വികാരിജ നറാളും ചാസ് പ്രസിഡന്റുമായ വെരി. റവ. ഫാ. ജോസഫ് വാ ണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈ ച്ചേരിൽ, മേഖലാ കോർഡിനേറ്റർ ശ്രീമതി സജി ഷാജി എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു പദ്ധതി



വിശദീകരണം നടത്തി. പ്രോജക്ട് കോർഡിനേറ്റർ ശ്രീമതി ഷീബാ സന്തോഷ് നേതൃത്വം നൽകി. ചാസിന്റെ വിവിധ യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 ഭിന്നശേഷിക്കാർക്ക് തങ്ങളുടെ കുടുംബാംഗങ്ങളുടെ സഹായത്തോടെ സംരംഭം തുടങ്ങുന്നതി നാണ് പലിശരഹിത വായ്പ നൽകിയത്.

## SAFP ക്ലസ്റ്റർ മീറ്റിംഗ്

സേവ് എ-ഫാമിലി പ്ലാൻ പദ്ധതിയിൽ പുതുതായി തെരഞ്ഞെ ടുക്കപ്പെട്ട കുടുംബങ്ങളെ സന്ദർശിച്ച് അടുത്ത 6 വർഷക്കാലത്തേ



ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി ക്ലസ്റ്റർ മീറ്റിംഗ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, SAFP കോർഡിനേറ്റർ കുമാരി നിവ്യാ ജോസഫ്, സിസ്റ്റർ സെൽമ SRA, സിസ്റ്റർ ആൽഫി DSJ, മേഖലാ കോർഡിനേറ്റർമാരായ ശ്രീമതി അൽഫോൻസ് വർഗീസ്, ശ്രീമതി സജി ഷാജി, ശ്രീമതി സിജി ബിജുമോൻ, ശ്രി. ടോം സി. തയ്യിൽ, ശ്രീമതി ആൻസി ലോനിച്ചൻ എന്നിവർ നേതൃത്വം നൽകി.

| *തീയതി* | *യൂണിറ്റ്* | *തീയതി* | *യൂണിറ്റ്* |
|---|---|---|---|
| ജൂലൈ 4 | പായിപ്പാട് | ആഗസ്റ്റ് 3 | മാടപ്പള്ളി |
| ജൂലൈ 12 | അതിരമ്പുഴ | ആഗസ്റ്റ് 8 | ആർപ്പൂക്കര |
| ജൂലൈ 29 | വള്ളംചിറ | ആഗസ്റ്റ് 14 | ചങ്ങനാശ്ശേരി |
| ജൂലൈ 10 | നെടുംകുന്നം | സെപ്റ്റം. 4 | എടത്വാ |
| ജൂലൈ 14 | തെള്ളകം | സെപ്റ്റം. 12 | ചമ്പക്കുളം |
| സെപ്റ്റം. 21 | ആലപ്പുഴ | | |

**ഓണം വിപണനമേള**

ഓണത്തോടനുബന്ധിച്ച് ആഗസ്റ്റ് 26,27,28 തീയതികളിൽ ചാസ് അങ്കണത്തിലും ബൈപ്പാസ് റോഡിലുള്ള ചാസ് സ്വാശ്രയവിപണി യിലും ഓണം വിപണനമേള സംഘടിപ്പിച്ചു. ചാസ് പ്രസിഡന്റും വികാരി ജനറാളുമായ വെരി. റവ. ഫാ. ജോസഫ് വാണിയപ്പു രയ്ക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഡയറക്ടർ ഫാ. തോമസ്

കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ ആശംസയർപ്പിച്ചു.

**ഇൻസ്പിറോൺ–2023**

കേരള സംസ്ഥാന പിന്നോക്ക വിഭാഗവികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ടാഗോർ സെന്റിനറി ഹാളിൽ സംഘടിപ്പിച്ച ഇൻസ്പിറോൺ–2023 ൽ ചാസിന്റെ പ്രതിനിധികൾ പങ്കെടുത്തു. സെപ്റ്റംബർ 13, 14 ൽ സംഘടിപ്പിച്ച ദ്വിദിന പ്രോഗ്രാമിൽ സംരംഭകത്വ വികസനം ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങളുടെ പ്രദർശന–വിപണനമേളയും, ബോധവത്ക്കരണ സെമിനാറുകളും നടത്തപ്പെട്ടു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, സ്റ്റാഫ് അംഗങ്ങൾ, സ്വാശ്രയസംഘാംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**LIC-Job Interview**

യുവജനങ്ങൾക്ക് തൊഴിൽ അവസരം ലഭ്യമാക്കുക എന്ന ഉദ്ദ്യേശത്തോടുകൂടി ചാസ്, LIC ചങ്ങനാശ്ശേരി ബ്രാഞ്ചുമായി സഹകരിച്ച് ഇൻഷുറൻസ് അഡ്വൈസർമാരെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂ സെപ്റ്റംബർ 11 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. LIC ഡെവലപ്മെന്റ് ഓഫീസർ ശ്രീ. ജേക്കബ് കളരിക്കൽ ഇന്റർവ്യൂവിന് നേതൃത്വം നൽകി.

**'ചാസ് സ്വാശ്രയ വിപണി' പ്രദർശന–വിപണന മേള**

ചെത്തിപ്പുഴ ക്രിസ്തു ജ്യോതി എച്ച്എസ്എസ് ന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 20,21,22 തീയതികളിൽ സംഘടിപ്പിച്ച XPOVISA'23 ൽ ചാസ് സ്വാശ്രയ വിപണിയുടെ പ്രദർശനവും വിപണനവും നടത്തപ്പെട്ടു. മേഖല കോഡിനേറ്റർമാരായ ശ്രീമതി അൽഫോൻസാ വർഗീസ്, ശ്രീമതി സിജി ബിജുമോൻ എന്നിവർ നേതൃത്വം നൽകി.

**വാർഷിക പൊതുയോഗം**

ചാസിന്റെ വാർഷിക പൊതുയോഗം സെപ്റ്റംബർ 23 നു പ്രസിഡന്റ് വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ചാസ് കോൺഫ്രൻസ് ഹാളിൽ ചേർന്നു. സെക്രട്ടറി ഫാ. തോമസ് കുളത്തുങ്കൽ 2022–23 പ്രവർത്തന വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ അവതരിപ്പിച്ച് പാസാക്കി. 2022–2023 ലെ




ചാസിന്റെ വാർഷിക റിപ്പോർട്ട് മീറ്റിംഗിൽ പ്രകാശനം ചെയ്തു. തുടർന്ന് ഭാവിപരിപാടികൾ ആസൂത്രണം ചെയ്തു. ചർച്ചകൾക്കും വിലയിരുത്തലുകൾക്കും ശേഷം പൊതുയോഗം അവസാനിച്ചു.

**കെയർ എ ഫാമിലി പ്രോഗ്രാം-പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു**

ചാസ് കെയർ എ ഫാമിലി പ്രോഗ്രാമിൽ കോട്ടയം, മണിമല, ചങ്ങനാശ്ശേരി മേഖലകളിൽ നിന്നും 15 പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു. പ്രോജക്ട് കോഡിനേറ്റർ സി. ആൽഫി DSJ, മേഖലാ കോർഡിനേറ്റർമാരായ ടോം സി. തയ്യിൽ, അൽഫോൻസ് വർഗീസ് എന്നിവർ ഭവനങ്ങൾ സന്ദർശിച്ച് പദ്ധതി വിശദീകരണവും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകി.

| *തീയതി* | *യൂണിറ്റ്* | *കുടുംബങ്ങൾ* |
|---|---|---|
| 22.09.2023 | വടവാതൂർ, കൂരോപ്പട | 3, 2 |
| 28.09.2023 | മണിമല, കുളത്തൂർ | 3, 2 |
| 30.09.2023 | പാറേൽ, കിടങ്ങറ | 3, 2 |

❖❖❖

**COPTAC**
**തയ്യൽ പരിശീലനം**

* **വനിതകൾക്ക് മൂന്നുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനം.**
* **എംബ്രോയിഡറി പരിശീലനം.**
* **താൽപര്യമുള്ള ഇനങ്ങൾ മാത്രം പഠിക്കാൻ അവസരം.**

**മാമ്മോദീസാസെറ്റ്**
ആൺകുട്ടികൾക്കും
പെൺകുട്ടികൾക്കും
മിതമായ നിരക്കിൽ

**Ph: 0481 2400085, 9995510085**

## മേഖലാ വാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

ചാസിന്റെ വിവിധ യൂണിറ്റുകളിൽ 2023 മെയ് -സെപ്റ്റംബർ മാസങ്ങളിൽ രൂപീകരിച്ച സ്വാശ്രയസംഘങ്ങൾ

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 02.05.2023 | അതിരമ്പുഴ | ഉദയം | 15 |
| 16.05.2023 | ഫിൽഗിരി | മരിയൻ | 11 |
| 31.05.2023 | മുഹമ്മ | യുവധാര | 11 |
| 14.06.2023 | കൈനകരി | അഭയം | 17 |
| 28.06.2023 | തത്തംപള്ളി | സെന്റ് തോമസ് | 10 |
| 05.07.2023 | കുടമാളൂർ | ജ്യോതിസ് | 12 |
| 10.07.2023 | എടത്വാ | ഐശ്വര്യ | 12 |
| 20.07.2023 | മുടിയൂർക്കര | ഉണ്ണീശോ | 10 |
| 27.07.2023 | തെക്കേക്കര | നിർമ്മലകർഷകസംഘം | 10 |
| 07.08.2023 | കുറിച്ചി | മരിയ | 10 |
| 19.09.2023 | ഫാത്തിമാപുരം | പെൺമ | 12 |
| 26.09.2023 | തൃക്കൊടിത്താനം | പുണ്യാളൻ | 17 |
| 27.09.2023 | വടക്കേഅമിച്ചകരി | ജ്യോതിസ് | 12 |
| ,, | ,, | ശാലോം | 14 |
| ,, | ,, | അനുഗ്രഹ | 10 |
| ,, | ,, | ഉണർവ് | 11 |
| ,, | ,, | കൃപ | 17 |
| ,, | ,, | ഗ്ലോറിയ | 18 |
| ,, | ,, | പുഷ്പറോസ് | 10 |
| ,, | ,, | അൽഫോൻസാ | 10 |
| ,, | കറിക്കാട്ടൂർ | ജ്യോതിസ് | 11 |
| ,, | കത്തീഡ്രൽ | സൗഹൃദം | 13 |

**സ്നേഹഭവൻ സന്ദർശിച്ചു**

**മുട്ടർ ഓൾഡ്** യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറൾ ചേപ്പിലയും, എക്സിക്യൂട്ട് അംഗങ്ങളും ചേർന്ന് ഏപ്രിൽ 17 ന് എടത്വാ സ്നേഹ ഭവൻ സന്ദർശിച്ച് വിശുദ്ധ കുർബാനയർപ്പിക്കുകയും 135 അന്തേ വാസികൾക്ക് ഭക്ഷണം നൽകി ഒരു ദിവസം അവരോടൊപ്പം ചെലവഴിച്ചു.

**എക്സിക്യൂട്ടിഗ് മീറ്റിംഗ്**

വെരൂർ യൂണിറ്റിൽ സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ ഏപ്രിൽ 17 ന് എക്സിക്യൂട്ടിവ് മീറ്റിംഗ് സംഘ ടിപ്പിച്ചു.

**ആര്യങ്കാവ്** യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് മെയ് 04 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ കൂടി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് തയ്യിലിന്റെ അദ്ധ്യക്ഷതയിൽ സെക്രട്ടറി റിപ്പോർട്ട് അവ തരിപ്പിച്ചു. യൂണിറ്റ് എക്സിക്യൂട്ടീവിന്റെ പ്രവർത്തനരീതികളെ ക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ വിശദീകരിച്ചു. മേഖല കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേ തൃത്വം നൽകി.

**യൂണിറ്റ് വാർഷികം**

**കാവാലം** യൂണിറ്റിന്റെ വാർഷികം മെയ് 18 ന് സെന്റ് തെരേസാസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ.



ജോസഫ് പുതുവീട്ടിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീ. ജോർജ്ജ് തോമസ് വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചാസിന്റെ വിവിധ പ്രവർത്തന മേഖല കളെക്കുറിച്ച് ചമ്പക്കുളം മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ബിനു ജോസഫ് വിശദീകരിച്ചു. പ്രസിഡന്റ് ശ്രീമതി ബ്രിന്റാ ചാക്കോ മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ, ശ്രീമതി മോളിമ്മ തോമസ്, ശ്രീ. സിജി കുര്യൻ എന്നിവർ പ്രസംഗിച്ചു.

**ചേന്നങ്കരി** യൂണിറ്റിന്റെ വാർഷിക പൊതുയോഗം മെയ് 21 ന് സെന്റ് ജോസഫ്സ് പള്ളി പാരീഷ് ഹാളിൽ ചേർന്നു. പ്രസിഡന്റ് ശ്രീ. ജോസഫ് സി.പി. അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് അത്തിക്കളം ആശംസയർപ്പിച്ചു. സെക്രട്ടറി ശ്രീമതി ലൗലി തോമസ് വാർഷിക കണക്കും, ജോയിന്റ് സെക്ര ട്ടറി ശ്രീ. ലിജോമോൻ ഫിലപ്പ് വാർഷിക റിപ്പോർട്ടും അവതരി പ്പിച്ചു. ഇന്റേണൽ ഓഡിറ്റേഴ്സായി ശ്രീമതി ജിൻസി കോയിക്കാട്, ശ്രീമതി ജിൻസി കാട്ടുപ്പറമ്പ് എന്നിവരെ നിയമിച്ചു.

**മുട്ടാർ സെന്റ് ജോർജ്ജ്** യൂണിറ്റ് വാർഷികം ആഗസ്റ്റ് 18 ന് ഉച്ചക ഴിഞ്ഞ് മൂന്ന് മണിക്ക് യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൾ ചേ പ്പിലയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ചങ്ങനാശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തു ങ്കൽ മുഖ്യപ്രഭാഷണവും ഫാ. ഷെബിൻ ചീരംവേലിൽ, ചാസ് MCP ഓഡിറ്റർ ശ്രീ. കെ.സി. ജോർജ്ജ്, മേഖല കോർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ, ശ്രീ. തോമസുകുട്ടി മാത്യു, ശ്രീ. വി.



എം. തൊമ്മിക്കുട്ടി ആശംസയും നേർന്നു. യൂണിറ്റ് സെക്രട്ടറി ശ്രീ. വി.എ. ജോസഫ് വാർഷിക കണക്കും, വൈസ് പ്രസിഡന്റ് ലൈസു ചീരംവേലിൽ വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. യൂണിറ്റിലെ മുതിർന്ന ഭാരവാഹികളെ അഭിവന്ദ്യ പിതാവ് ആദരിച്ചു.

**'ചാസ് മോഡൽ ഗ്രാമം' പദ്ധതി അവലോകനം**

**മുട്ടാർ ഓൾഡ്** യൂണിറ്റിന്റെ നേതൃത്വത്തിൽ 'സമൃദ്ധി' പുരുഷ സ്വാശ്രയസംഘം ചുറ്റുപാടുമുള്ള 75 കുടുംബങ്ങളെ ഉൾപ്പെടുത്തി നടപ്പിലാക്കിവന്ന ചാസ് മോഡൽ ഗ്രാമം പദ്ധതിയുടെ അവലോകന മീറ്റിംഗ് മെയ് 14 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൽ ചേപ്പിലയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പദ്ധതിയുടെ ഭാഗമായി തുടക്കം കുറിച്ച ജൈവകൃഷി, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, വളർത്തുകൂട്ടം, ഉറവിട മാലിന്യസംസ്ക്കരണം, ആശാകിരണം കാൻസർ സുരക്ഷാപദ്ധതി, പ്ലാസ്റ്റിക്ക് നിയന്ത്രണ ബദൽ സംവിധാനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ നടത്തി. ഒപ്പം തുടർ പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് കുടുംബങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തു.

**സംരംഭകത്വ സെമിനാർ**

**കുളത്തൂർ** യൂണിറ്റിൽ ഒരു മാസമായി നടന്നു വരുന്ന തയ്യൽ പരിശീലനത്തിൽ പങ്കെടുത്തവർക്കായി മെയ് 22 ന് സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ



ശ്രീ. അഭിലാഷ് എ ക്ലാസ് നയിച്ചു. 20 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികളായ ശ്രീ. വി.ജെ. ചാക്കോ, ശ്രീ. തോമസ് തയ്യിൽ എന്നിവർ നേതൃത്വം കൊടുത്തു.

## എക്സിക്യൂട്ടിവ് സമിതിയെ തെരഞ്ഞെടുത്തു

**ആര്യങ്കാവ്** യൂണിറ്റിൽ ചാസ് പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി മെയ് 28 ന് പുതിയ എക്സിക്യൂട്ടീവ് സമതിയെ തെരഞ്ഞെടുത്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് തയ്യിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തു



ങ്കൽ ചാസിന്റെ പ്രവർത്തനങ്ങളും എക്സിക്യൂട്ടീവ് സമിതിയുടെ ചുമതലകളും വിശദീകരിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീ ബേബി ജോസഫ് നേതൃത്വം നൽകി.

**നർബോനപുരം** യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പുളിച്ചമാക്കലിന്റെ അദ്ധ്യക്ഷതയിൽ പുതിയ എക്സിക്യൂട്ടീവ് സമിതിയെ തെരഞ്ഞെടുത്തു.

## യൂണിറ്റ്-സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം

ചാസ് യൂണിറ്റുകൾ, സ്വാശ്രയസംഘങ്ങൾ, ഫാർമേഴ്സ് ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പരിസ്ഥിതിദിനസന്ദേശം, ബോധവത്ക്കരണക്ലാസ്, പരിസരശുചീകരണ പ്രവർത്തനങ്ങൾ, ഫലവൃക്ഷത്തൈ നടീൽ -വിതരണം, പച്ചക്കറിത്തൈ വിതരണം, ഫ്ളാഷ്മോബ് തുടങ്ങി വിവിധ പരിപാടികൾ ചാസ് കേന്ദ്ര ഓഫീസുമായി സഹകരിച്ച് നടപ്പിലാക്കി. യൂണിറ്റുകൾ നൽകിയ ഓഡർ അനുസരിച്ച് കേന്ദ്ര ഓഫീസിൽ നിന്നും രണ്ടായിരത്തിൽപ്പരം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുകയും ചെയ്തു.

**കുട വിതരണം ചെയ്തു**

**ചമ്പക്കുളം, വൈശ്യംഭാഗം** യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്ക് അവരുടെ സാമൂഹ്യപ്രവർത്തനത്തിന് പ്രോത്സാഹനമായി കുട വിതരണം ചെയ്തു.

**യൂണിറ്റ് വാർഷികവും സ്വാശ്രയസംഘസംഗമവും**

**ഇരവുചിറ** യൂണിറ്റ് വാർഷികവും സ്വാശ്രയസംഘസംഗമവും ജൂൺ 24 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. സേവ്യർ തോമസ്, ശ്രീ. തോമസ് ജോസഫ്, മേഖലാ കോർഡിനേറ്റർ ശ്രീമതി സിജി ബിജുമോൻ എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി പ്രവർത്തനറിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**കിഴക്കേമിത്രക്കരി** യൂണിറ്റ് വാർഷികം ജൂൺ 25 ന് പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ലിജോ കുഴിപ്പള്ളിൽ അദ്ധ്യക്ഷതവഹിച്ച പരിപാടി ചങ്ങനാശ്ശേരി MLA ശ്രീ. ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്തു. മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലിനി ജോളി, വൈസ് പ്രസിഡന്റ് ശ്രീ. ബോബൻ ജോസ് മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. SSLC, +2 പരീക്ഷകളിൽ എല്ലാ വിഷയത്തിനും A+ നേടിയ സ്വാശ്രയസംഘാംഗങ്ങളുടെ മക്കളെയും മുൻകാല ചാസ് പ്രവർത്തകരെയും ചടങ്ങിൽ ആദരിച്ചു.

**കാവാലം** ലിസ്യൂ യൂണിറ്റ് വാർഷികം ജൂലൈ 23 ഞായറാഴ്ച ഉച്ചകഴിഞ്ഞ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോമി പടിഞ്ഞാറേവീട്ടിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം-SHG എന്നിവയെക്കുറിച്ച് ചമ്പക്കുളം മേഖലാ കോർഡിനേറ്റർ ശ്രീ. ബിനു ജോസഫ് വിശദീകരിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. പി.വി. തോമസ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മേഖല കർഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ നേതൃത്വം നൽകി.

**സൺഡേ മർക്കറ്റ് ആരംഭിച്ചു**

**നർബോനപുരം** യൂണിറ്റിൽ ജൂൺ 25 മുതൽ സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു

പുളിച്ചുമാക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. സ്വാശ്രയസംഘങ്ങളുടെ ഉൽപ്പന്നങ്ങളാണ് മാർക്കറ്റിലൂടെ ലഭ്യമാക്കുന്നത്.

**അനുമോദിച്ചു**

**വെട്ടിമുകൾ** യൂണിറ്റിന്റെ നേതൃത്വത്തിൽ SSLC, +2 പരീക്ഷകളിൽ എല്ലാ വിഷയത്തിനും A+ നേടിയ MCP, SHG അംഗങ്ങളുടെ മക്കളെ ജൂൺ 27 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ ചേർന്ന



യോഗത്തിൽ അനുമോദിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ 13 കുട്ടികൾക്ക് 1,000/- രൂപ വീതം കാഷ് അവാർഡ് നൽകി.

**SHG ശാക്തീകരണയോഗം**

SHG ശാക്തീകരണത്തിന്റെ ഭാഗമായി ഫാത്തിമാപുരം യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങളുടെ മീറ്റിംഗ് ജൂൺ 30 ന് സംഘടിപ്പിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. ലാലി ഇളപ്പുങ്കൽ അദ്ധ്യക്ഷതവഹിച്ചു. സൺഡേ മാർക്കറ്റ്, ട്രെയിനിംഗ് പ്രോഗ്രാമുകൾ,



യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ഗ്രൂപ്പ് വിസിറ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീമതി സജി ഷാജി നേതൃത്വം നൽകി. 26 അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

**കാർഷിക സെമിനാറും-സൗജന്യ തെങ്ങിൻതൈ വിതരണവും**

ഫിൽഗിരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 24 ന് സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ കാർഷിക സെമിനാറും സൗജന്യ തെങ്ങിൻതൈ വിതരണവും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു നടയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. കോട്ടുക്കൽ കൃഷി ഓഫീസർ ശ്രീമതി ഐ. സുമി ആധുനിക കൃഷി രീതികൾ, സർക്കാരിന്റെ കാർഷിക സഹായപദ്ധതികൾ എന്നിവയെക്കുറിച്ച് ക്ലാസ് നയിച്ചു. പ്രസിഡന്റ് ശ്രീ. റോയി കാരുവേലിൽ, സെക്രട്ടറി ശ്രീ. ജോണി ചെറിയാന്തറയിൽ, ചാസ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘവാർഷികം**

നർബോനപുരം യൂണിറ്റിൽ പ്രവർത്തിക്കുന്ന ‘മരിയൻ’ സ്വാശ്രയ സംഘത്തിന്റെ വാർഷികം ജൂലൈ 17 ന് സംഘടിപ്പിച്ചു. സെക്രട്ടറി കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. മേഖലാ കോർഡിനേറ്റർമാരായ ശ്രീ. ബിനു ജോസഫ് സംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, ശ്രീ. ബൈജു സി. സേവ്യർ മാലിന്യസംസ്ക്കരണ ഉപാധികളെക്കുറിച്ചും വിശദീകരിച്ചു.

എടത്വ ‘ഐശ്വര്യ’ സ്വാശ്രയസംഘത്തിന്റെ വാർഷികവും ഓണാഘോഷപരിപാടികളും സെപ്റ്റംബർ 14 ന് നടത്തപ്പെട്ടു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**യൂണിറ്റ് രൂപീകരണം**

**ചമ്പക്കുളം** മേഖലയിലെ കൂലിപ്പുര ഇടവകയിൽ ജൂലൈ 23 ന് ചാസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ വിശദീകരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. റ്റോബി പുളിക്കാശ്ശേരി അദ്ധ്യക്ഷതവഹിച്ചു. പുതിയ ഭാരവാഹികളേയും തെരഞ്ഞെടുത്തു.

**മേഖലാ സമിതി മീറ്റിംഗ്**

**ചമ്പക്കുളം** മേഖലാ സമിതി മീറ്റിംഗ് ആഗസ്റ്റ് 8 ന് നർബോന

പുരം യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പുളിച്ചുമാക്കൽ അദ്ധ്യക്ഷതവഹിച്ചു. തുടർന്ന് ഒരോ യൂണിറ്റിന്റെയും പ്രവർത്തന റിപ്പോർട്ട് സെക്രട്ടറിമാർ അവതരിപ്പിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീ. ബിനു ജോസഫ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരും മാസങ്ങളിൽ യൂണിറ്റുകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ വിശദീകരിക്കുകയും ചെയ്തു.

**ഓണകിറ്റ് വിതരണം**

**പഴവങ്ങാടി** യൂണിറ്റിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്കും, സ്റ്റാഫ് അംഗങ്ങൾക്കും ഡയറക്ടർ റവ. ഫാ. സിറിയക് കോട്ടയിൽ ആഗസ്റ്റ് 19 ന് ഓണകിറ്റ് വിതരണം ചെയ്തു.



പ്രസിഡന്റ് ശ്രീ. തോമസ് തൈച്ചേരി, സെക്രട്ടറി ശ്രീ. ജേക്കബ് പൂവത്തുശ്ശേരി, ശ്രീ. റോയി പാലത്തറ, ശ്രീ. സി.പി. തോമസ്, ശ്രീമതി കുഞ്ഞുമോൾ ബംഗ്ലാവുപറമ്പ് എന്നിവർ നേതൃത്വം നൽകി.

**തോട്ടയ്ക്കാട് യൂണിറ്റ് പൊതുയോഗം**

**തോട്ടയ്ക്കാട്** യൂണിറ്റിന്റെ പൊതുയോഗം ജൂലൈ 28-ാം തീയതി യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോബി പരുവപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടി ഭാവിപരിപാടികൾ ആസൂത്രണം ചെയ്തു. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം, MBS, SHG, ഫാർമേഴ്സ് ക്ലബ്, സ്വയംതൊഴിൽ സംരംഭങ്ങൾ, സൺഡേ മാർക്കറ്റ് തുടങ്ങി ചാസ് നടപ്പിലാക്കിവരുന്ന എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചും, യൂണിറ്റ് ഭാരവാഹികളുടെ ചുമതലകൾ-ഉത്തരവാദിത്വങ്ങൾ എന്നിവയെക്കുറിച്ചും അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ വിശദീകരണം നൽകി. തുടർന്ന്



പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. മേഖല കോർഡിനേറ്റർ ശ്രീമതി സിജി ബിജുമോൻ നേതൃത്വം നൽകി.

**ആടുവളർത്തൽ പദ്ധതി**

**കൊണ്ടാക്കൽ** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നിർദ്ധനരായ അംഗങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി ആടുവളർത്തൽ പദ്ധതി ആരംഭിച്ചു. ആടിനെ ലഭിക്കുന്ന അംഗങ്ങൾ ഓരോ കുട്ടിയെ വീതം യൂണിറ്റിനെ തിരിച്ചേൽപ്പിച്ച് അടുത്ത അംഗത്തിന് കൈമാറുന്നതാണ് പദ്ധതി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി വരുന്നു.

**സ്വാശ്രയസംഘസംഗമം**

**കൊടുപ്പുന്ന** യൂണിറ്റിൽ ജൂൺ 4 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് തൈച്ചേരിൽ അദ്ധ്യക്ഷതവഹിച്ചു. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് മേഖലാ കോർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ വിശദീകരിച്ചു.



**പച്ചചെക്കിടിക്കാട്** യൂണിറ്റിൽ ജൂൺ 13 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. സ്വാശ്രയസംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഫാ. സുബിൻ സ്കറിയ വിശദീകരിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ നേതൃത്വം നൽകി.

**കായൽപ്പുറം** യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം ജൂൺ 15 ന് സംഘടിപ്പിച്ചു. സെക്രട്ടറി ശ്രീ. ചെറിയാൻ ജോസഫ് അദ്ധ്യക്ഷതവഹിച്ചു. സംഘങ്ങളുടെയും ജെ.എൽ.ജി.കളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ. ബിനു ജോസഫ് വിശ



ദീകരിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ, മേഖലാ പ്രസിഡന്റ് ശ്രീ ലാലിച്ചൻ മരിയാലയം, ശ്രീമതി ആശാ എന്നിവർ പ്രസംഗിച്ചു. 35 അംഗങ്ങൾ പങ്കെടുത്തു.

**മണ്ണഞ്ചേരി, മുഹമ്മ, പഴവങ്ങാടി** യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം ജൂൺ 16, 17, 20 തീയതികളിൽ സംഘടിപ്പിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ഡി. ജോസഫ് സംഘങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്കുവേണ്ട മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്തു.

**വെളിയനാട്** സെന്റ് സേവ്യേഴ്സ് യൂണിറ്റിൽ ജൂൺ 18 ന് സ്വാശ്രയ സംഘസംഗമം സംഘടിപ്പിച്ചു. ഡയറക്ടർ റവ. ഫാ. ഇമ്മാനുവേൽ നെല്ലുവേലി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോബ് കെ മാത്യു അദ്ധ്യക്ഷതവഹിച്ചു. 'സ്വയം തൊഴിൽ സംരംഭം' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീ ബൈജു സി. സേവ്യർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘസംഗമവും ഓണാഘോഷവും**

**ചെത്തിപ്പുഴ** യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ ഓണാഘോഷ പരിപാടികൾ ആഗസ്റ്റ് 19 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കല്ലുകളം ഉദ്ഘാടനം ചെയ്തു. അംഗങ്ങളുടെ വിവിധ കലാകായിക മത്സരങ്ങൾ നടത്തി.

**മനയ്ക്കച്ചിറ** 'ശ്രേയസ്' സ്വാശ്രയസംഘത്തിന്റെ ഓണഘോഷം ഓഗസ്റ്റ് 21 ന് സംഘടിപ്പിച്ചു.

**മാന്നില** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 26 ന് ഓണഘോഷം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി നെരയത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസിഡന്റ് ശ്രീ. ജോബ് മുരിയങ്കാവുങ്കൽ അദ്ധ്യക്ഷതവഹിച്ചു. ശ്രീമതി മോളി ജോൺ വാറ്റൂപ്പറമ്പിൽ സ്വാഗതം ആശംസിച്ചു.

**പൊടിപ്പാറ** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 26 ന് ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. 9.30 ന് മലകുന്നത്തുനിന്നും ആരംഭിച്ച ഘോഷയാത്ര ഇളംകാവ് ദേവസം ബോർഡ് പ്രസിഡന്റ് ശ്രീ. കെ.ജി. രാജ് മോഹൻ ഫ്ളാഗ് ഓഫ് ചെയ്തു. അഡ്വ. ശ്രീ. ജോബ് മൈക്കിൾ എംഎൽഎ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണവും സിസ്റ്റർ ജോമരിയാ SD ആശംസയും അർപ്പിച്ചു. ശ്രീ. വിൻസെന്റ്, യൂണിറ്റ് ഭാരവാഹികളായ ശ്രീ. രാജു ജോസ്ഫ് പവ്വൗത്തിൽ, ശ്രീ. ജോബ് സേവ്യർ ചതുരവാടിയിൽ, ശ്രീ. കെ. ജെ. ജോൺ കോയിലേടത്ത്, ശ്രീ. രാജു ജോസഫ് പാലത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. സ്വാശ്രയസംഘാംഗങ്ങളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

**വായ്പൂർ ഓൾഡ്** യൂണിറ്റിൽ 'ധനശ്രീ' സ്വാശ്രയസംഘത്തിന്റെ ഓണാഘോഷ പരിപാടികൾ ആഗസ്റ്റ് 21 ന് നടത്തി.

**വെട്ടിമുകൾ** യൂണിറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 26 ന് സ്വാശ്രയസംഘസംഗമവും ഓണാഘോഷപരിപാടികളും നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. സമ്മേളനത്തിൽ മികച്ച കർഷകരായ ശ്രീ. ജോയി വെൻപറമ്പിൽ, ശ്രീമതി ബിന്ദു റൂബി എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു.

**ഏറ്റുമാനൂർ** യൂണിറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 28 ന് സ്വാശ്രയ സംഘസംഗമവും ഓണാഘോഷപരിപാടികളും നടത്തി. സമ്മേളനം അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജി തടത്തിൽ ഉദ്ഘാടനം ചെയ്തു. ക്ലാസിക്കൽ ഡാൻസിൽ സത്യഭാവ ദേശീയ പരുസ്ക്കാരം ലഭിച്ച 'പുതുമ' സ്വാശ്വയസംഘത്തിലെ അംഗമായ ശ്രീമതി ഉഷാ ദിലീപിനെ ചടങ്ങിൽ ആദരിച്ചു.

**പുന്നമട** യൂണിറ്റിൽ ആഗസ്റ്റ് 31 ന് സ്വാശ്രയ സംഘസംഗമവും ഓണാഘോഷ പരിപാടികളും സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് താന്നിയത്ത് അദ്ധ്യക്ഷതവഹിച്ചു.



യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോളി ജോസഫ്, ആനിമേറ്റർ സിസ്റ്റർ എലിസബത്ത്, യൂണിറ്റ് സെക്രട്ടറി ശ്രീ. ജോഷി വർഗീസ് നെടിയ പറമ്പിൽ, മേഖലാ കോഡിനേറ്റർ ശ്രീ. ഡി. ജോസഫ്, യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീമതി ജിജി എന്നിവർ പ്രസംഗിച്ചു. യൂണിറ്റിന്റെ ആദ്യകാല ഭാരവാഹികളായിരുന്ന പ്രസിഡന്റ് ശ്രീ കുര്യച്ചൻ മാളിയേക്കൽ, സെക്രട്ടറി ശ്രീ. പി.എം. ജോസഫ് പായിക്കാട്, ചാസ് മുൻ ഡയറക്ടർ ബോർഡ് അംഗം ശ്രീ. ജോർജ്ജ് ജോസഫ് തോട്ടുങ്കൽ എന്നിവരെ ഡയറക്ടർ പൊന്നാടയണിയിച്ച് ആദരിച്ചു. തുടർന്ന് ഓണാഘോഷ പരിപാടികൾ നടത്തി.

**പൊങ്ങ** യൂണിറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 5 ന് സ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. സ്വയം തൊഴിൽ സംരംഭങ്ങളുടെ ആവശ്യകതയെക്കുറിച്ച് കോഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ ക്ലാസ് നയിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. പി.വി. സെബാസ്റ്റ്യൻ അദ്ധ്യക്ഷതവഹിച്ചു. കൺവീനർ ശ്രീ. ജോസഫ് സേവ്യർ ആശംസയർപ്പിച്ചു.

**നർബോനപുരം** യൂണിറ്റിൽ സെപ്റ്റംബർ 12 ന് സ്വാശ്രയസം ഘസംഗമം സംഘടിപ്പിച്ചു. സംരംഭങ്ങളും സാധ്യതകളും എന്ന വിഷയത്തിൽ സെപ്റ്റംബർ 12 ന് കോഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ ക്ലാസ് നയിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. തോമസ് ആന്റണി അദ്ധ്യക്ഷതവഹിച്ചു. കോഡിനേറ്റർ ശ്രീ. ബിനു ജോസഫ് ചർച്ചകൾക്ക് നേതൃത്വം നൽകി.

**വെളിയനാട്** സെന്റ് സേവ്യേഴ്സ് യൂണിറ്റിൽ സെപ്റ്റംബർ 16-ാം തീയതി സ്വാശ്രയസംഘസംഗമം നടത്തി. സംഘാത്മക നേതൃത്വ ത്തെക്കുറിച്ച് കോഡിനേറ്റർ ശ്രീ. ബിനു ജോസഫ് ക്ലാസ് നയിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോബ് മാത്യു അദ്ധ്യക്ഷതവഹിച്ചു. ശ്രീമതി കുഞ്ഞമ്മ, മേഖലാ കോഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ എന്നിവർ പ്രസംഗിച്ചു.

**സ്വാശ്രയ വിപണി -സൺഡേ മാർക്കറ്റ്**

**മാന്നില** യൂണിറ്റിൽ സെപ്റ്റംബർ 3 ന് പ്രവർത്തനം ആരംഭിച്ച സ്വാശ്രയ വിപണിയുടെയും സൺഡേ മാർക്കറ്റിന്റെയും ഉദ്ഘാ



ടനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലും വിപണി യുടെ ആശീർവാദ കർമ്മം യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി നെരയത്തും നിർവ്വഹിച്ചു.

**മുടിയൂർക്കര** യൂണിറ്റിൽ പ്രവർത്തിക്കുന്നു 'സെന്റ് തെരേസാസ്' സ്വയം സഹായസംഘത്തിന്റെ 25-ാം മത് വാർഷിക സമ്മേളനം സെപ്റ്റംബർ 9 ന് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. എബ്രഹാം കാടാത്തുകളം അദ്ധ്യക്ഷതവഹിച്ചു. സംഘത്തിലെ മുതിർന്ന അംഗവും സെക്രട്ടറിയുമായ ശ്രീമതി ഗ്രേയ്സി ജയിംസിനെ

ട്രഷറർ ശ്രീമതി ലില്ലിക്കുട്ടി കുര്യാക്കോസ് പൊന്നാട അണിയിച്ച് ആദരിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ഡോ. റോസമ്മ സോണി, പഞ്ചായത്ത് അംഗം ശ്രീ. ജയിംസ് തോമസ്, മേഖലാ കോഡി



നേറ്റർ ശ്രീ. ടോം സി തയ്യിൽ, യൂണിറ്റ് സെക്രട്ടറി ശ്രീ. ബിനു തോപ്പിൽ, സംഘം പ്രസിഡന്റ് ശ്രീമതി ആലീസ് ബാബു, ശ്രീ. ജോസ് സെബാസ്റ്റ്യൻ, ശ്രീമതി മേരിക്കുട്ടി ജോസഫ് എന്നിവർ പ്രസംഗിച്ചു. വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു.

**സെമിനാർ സംഘടിപ്പിച്ചു**

**പുഴവാത്** യൂണിറ്റിൽ സെപ്റ്റംബർ 10 ന് 'ജീവിതശൈലി രോഗങ്ങളും പ്രതിരോധമാർഗ്ഗങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. ലെറീഷ് അലക്സ് പുതുപ്പറമ്പിൽ ക്ലാസ് നയിച്ചു. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിനെക്കുറിച്ചും ചാസ് പ്രവർത്തനങ്ങളെക്കുറിച്ചും ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സംസാരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കാഞ്ചിക്കൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ഓണച്ചന്ത**

**പൊടിപ്പാറ** യൂണിറ്റിന്റെയും സ്വാശ്രയസംഘങ്ങളുടെയും നേതൃത്വത്തിൽ ആഗസ്റ്റ് 27 ന് ഓണച്ചന്ത സംഘടിപ്പിച്ചു. ഏറ്റവും നന്നായി സ്റ്റാൾ ക്രമീകരിച്ച് ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയ 'തളിർ',- 'തണൽ' സ്വാശ്രയസംഘങ്ങൾക്ക് 1000/-, 500/- രൂപ വീതം കാഷ് അവാർഡ് നൽകി. 10 സ്വാശ്രയസംഘങ്ങൾ പങ്കാളികളായി.

**പൊതുയോഗം**

**പൊങ്ങന്താനം** ചാസ് ഫാർമേഴ്സ് വെൽഫയർ പ്രൊഡ്യൂസർ കമ്പനിയുടെ പൊതുയോഗം നെടുംകുന്നം പാരീഷ് ഹാളിൽ ചേർന്നു. ചെയർമാൻ ശ്രീ. ജോർജ്ജ് തോമസ് അദ്ധ്യക്ഷതവഹിച്ചു. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, നെടുംകുന്നം ഫൊറോന വികാരി വെരി. റവ. ഫാ. വർഗീസ് കൈതപ്പറമ്പിൽ, മാടപ്പള്ളി കൃഷി അസി. ഡയറക്ടർ ഡോ. അനീന സൂസൻ സ്കറിയ, നെടുംകുന്നം കൃഷി ഓഫീസർ ശ്രീ. അനിൽ സെബാസ്റ്റ്യൻ ഡയറക്ടർ ശ്രീ. കെ.വി. വർഗീസ് എന്നിവർ പ്രസംഗിച്ചു. കൃഷി വകുപ്പിന്റെ മികച്ച കർഷക അവാർഡ് ജേതാക്കളായ ശ്രീ. ജോയിമോൻ, ശ്രീ. തോമസ് സെബാസ്റ്റ്യൻ, ശ്രീ. കെ.വി. വർഗീസ്, ശ്രീമതി ആൻസി ബാബു, ശ്രീ. എഡ്വിൻ മാത്യു എന്നിവരെ ആദരിച്ചു.

**മരിയഭവൻ സന്ദർശിച്ചു**

**ചേന്നങ്കരി** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 2 ന് ഇടവകാംഗങ്ങളിൽ നിന്നും വസ്ത്രങ്ങൾ ശേഖരിച്ച് പറവൂർ മരിയഭവനിൽ എത്തിച്ചു നൽകി. കമ്മറ്റി അംഗങ്ങളായ ശ്രീമതി ആശാ വർഗീസ്, ശ്രീമതി ജിൻസി മാത്യു എന്നിവർ നേതൃത്വം നൽകി.

**മേഖലാ എക്സിക്യൂട്ടീവ്**

**വൈശ്യംഭാഗം** യൂണിറ്റിൽ സെപ്റ്റംബർ 9 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ബിജു മണവത്തിന്റെ അദ്ധ്യക്ഷതയിൽ മേഖല എക്സിക്യൂട്ടീവ് സംഘടിപ്പിച്ചു. മേഖലാതല പ്രവർത്തനങ്ങളുടെ വിലയിരുത്തലും വിശദീകരണവും കോഡിനേറ്റർ ശ്രീ. ബിനു ജോസഫ് നിർവ്വഹിച്ചു. മേഖല പ്രസിഡന്റ് ശ്രീ. ലിജോ കടുക്കാശ്ശേരിൽ, വൈസ് പ്രസിഡന്റ് ശ്രീമതി മോൾബി ജയ്മോൻ എന്നിവർ പ്രസംഗിച്ചു.

**മുട്ടാർ ന്യൂ** യൂണിറ്റിൽ ആഗസ്റ്റ് 13 ന് എക്സിക്യൂട്ടീവ് സമിതിയുടെ മീറ്റിഗ് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോഷി കട്ടപ്പുറത്തിന്റെ അദ്ധ്യക്ഷയിൽ ചേർന്നു. ഭരണസമിതി അംഗങ്ങൾക്ക് യൂണിറ്റിന്റെ പ്രവർത്തനത്തെക്കുറിച്ചും എക്സിക്യൂട്ടീവ് അംഗങ്ങളുടെ ചുമതലകളെക്കുറിച്ചും മേഖലാ കോഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ വിശദീകരിച്ചു.



**യൂണിറ്റ് സന്ദർശനം**

**കൊണ്ടാക്കൽ** യൂണിറ്റ് സെപ്റ്റംബർ 17 ന് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കൊച്ചുതറ സന്നിഹിതനായിരുന്നു.

**സെമിനാർ സംഘടിപ്പിച്ചു**

**വടക്കേഅമിച്ചകരി** യൂണിറ്റിൽ സെപ്റ്റംബർ 17 ന് വനിതകൾക്കു വേണ്ടി സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അലക്സ് പാറപ്പുറം അദ്ധ്യക്ഷതവഹിച്ചു. 'സ്വാശ്രസംഘങ്ങളും പ്രവർത്തനരീതികളും' എന്ന വിഷയത്തിൽ കോഡിനേറ്റർ ശ്രീ. ബിനു ജോസഫ് ക്ലാസ് നയിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ദേവസ്യാ പി.ഒ. സെക്രട്ടറി ശ്രീമതി ജെസി ജോജി എന്നിവർ പ്രസംഗിച്ചു.

**നേതൃത്വ പരിശീലനം**

**വടക്കേഅമിച്ചകരി** യൂണിറ്റിൽ പുതുതായി രൂപീകരിച്ച സ്വാശ്രയ സംഘം ഭാരവാഹികൾക്ക് സെപ്റ്റംബർ 29 ന് സംഘത്തിന്റെ പ്രവർത്തനരീതി, ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങൾ, കണക്ക് കൈകാര്യം ചെയ്യേണ്ടവിധം എന്നിവയെക്കുറിച്ച് കോർഡിനേറ്റർ ബിനു ജോസഫ് പരിശീലനം നൽകി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

❖❖❖

# പരിശീലന പരിപാടികൾ

## തയ്യൽ പരിശീലനം

നബാർഡ്, കേരള സോഷ്യൽ സർവ്വീസ് ഫോറം, ചാസ് എന്നിവയുടെ സംയ്കുതാഭിമുഖ്യത്തിൽ പത്തനംതിട്ട ജില്ലയിൽ 20 വനിതകൾക്കായി കുളത്തൂർ ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽ 2023 ഏപ്രിൽ 13 ന് ഒരു മാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം ആരംഭിച്ചു. നബാർഡ് എജിഎം. ശ്രീ. റെജി വർഗീസ് ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുള




ത്തുങ്കൽ ആമുഖസന്ദേശവും KSSF ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ അനുഗ്രഹപ്രഭാഷണവും നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് നടുവിലേക്കളം അദ്ധ്യക്ഷതവഹിച്ചു. ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ. തേജസ് വർഗീസ്, യൂണിറ്റ് പ്രസിഡന്റ് ശ്രീ. വി.എം. ചാക്കോ, സെക്രട്ടറി ശ്രീ. തോമസ് ജോസഫ്, ടീം ലീഡർ ടോണി ജോസഫ് എന്നിവർ പ്രസംഗിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് നേതൃത്വം നൽകി.

## സ്വയംതൊഴിൽ പരിശീലനം

**വെട്ടിമുകൾ** യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങൾക്ക് ജൂലൈ 25 ന് ഡോർമാറ്റ്–ടേബിൾ മാറ്റ് നിർമ്മാണത്തിൽ പരിശീലനം നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീമതി സജി ഷാജി പരിശീലനത്തിന് നേതൃത്വം നൽകി. 60 അംഗങ്ങൾ പങ്കെടുത്തു.

**കൊടുപ്പുന്ന** യൂണിറ്റിൽ ഏപ്രിൽ 15 ന് ഫ്ളോർമാറ്റ്, ടേബിൾ മാറ്റ് എന്നിവ നിർമ്മിക്കുന്നതിന് സ്വാശ്രയസംഘാംഗങ്ങൾക്ക് മേഖല കോർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചന്റെ നേതൃത്വത്തിൽ പരിശീലനം നൽകി.

**മാറ്റ് നിർമ്മണത്തിൽ പരിശീലനം**



**മുട്ടാർ** ഓൾഡ് യൂണിറ്റിൽ സെപ്റ്റംബർ 2 ന് മാറ്റ് നിർമ്മണത്തിൽ മേഖലാ കോഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ പരിശീലനം നൽകി. 18 വനിതകൾ പങ്കെടുത്തു. ഭാരവാഹികൾ നേതൃത്വം നൽകി.

**തയ്യൽ മെഷീൻ നൽകി**



**എടത്വാ** ചാസ് യൂണിറ്റിൽ നിന്നും തയ്യൽ പരിശീലനം പൂർത്തിയാക്കിയ ഒരു വനിതയ്ക്ക് തയ്യൽ മെഷീൻ നൽകി.

**പാചകപരിശീലന പരിപാടി സമാപിച്ചു**



**അതിരമ്പുഴ** യൂണിറ്റിൽ കഴിഞ്ഞ രണ്ടുമാസക്കാലമായി മല്ലപ്പള്ളി ഖാദിവിദ്യാലയവുമായി സഹകരിച്ചു നടന്നുവന്നിരുന്ന പാചക പരിശീലന പരിപാടി ഏപ്രിൽ 20 ന് സമാപിച്ചു. ഫൊറോനാ വികാരി വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ പരിശീലനാർത്ഥികൾക്ക് ആശംസയർപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ സന്നിഹിതരായിരുന്നു.

**തയ്യൽ യൂണിറ്റുകൾ ആരംഭിച്ചു**

ചാസ് നബർഡ് കേരളാ സോഷ്യൽ സർവ്വീസ് ഫോറം എന്നി

വയുടെ സംയുക്താഭിമുഖ്യത്തിൽ പത്തനംതിട്ട ജില്ലയിലെ കുളത്തൂർ യൂണിറ്റിൽ സംഘടിപ്പിച്ചുവന്ന തയ്യൽ പരിശീലനത്തിന്റെ തുടർച്ചയായി മെയ് 26, 29 തീയതികളിൽ രണ്ട് സ്വംയംതൊഴിൽ സംരംഭകത്വ യൂണിറ്റുകൾ ആരംഭിച്ചു. ഗടടഎ ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.




**കുളത്തൂർ** തയ്യൽ പരിശീലനം പൂർത്തിയാക്കിയ 6 വനിതകൾ ചേർന്ന് തുടക്കം കുറിച്ച 'ചെറുപുഷ്പം' തയ്യൽ യൂണിറ്റിന്റെ ഉദ്ഘാടനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ലീഡ് ബാങ്ക് മാനേജർ സിറിയക് തോമസ് നിർവ്വഹിച്ചു. അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, ശ്രീമതി ഷൈനി വർഗീസ്, ശ്രീ. ടോണി സണ്ണി, ശ്രീ. വി.എം. ചാക്കോ, ശ്രീ. തോമസ് ജോസഫ് എന്നിവർ ആശംസയർപ്പിച്ചു.

**വായ്പൂർ ഓൾഡ്** തയ്യൽ പരിശീലനം പൂർത്തിയാക്കിയ 6 വനിതകൾ ചേർന്ന് 'എയ്ഞ്ചൽ' തയ്യൽ യൂണിറ്റ് ആരംഭിച്ചു. KSSF ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് ആശംസയർപ്പിച്ചു.



## തയ്യൽ പരിശീലനം ആരംഭിച്ചു

**മാന്നില** യൂണിറ്റിൽ ഓഗസ്റ്റ് 17 ന് തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി നെരയത്ത് അദ്ധ്യക്ഷതവ ഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ ആശം സയർപ്പിച്ചു. 18 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.



**പൊങ്ങ** യൂണിറ്റിൽ തയ്യൽ പരിശീലനം ആരംഭിച്ചു. സെപ്റ്റംബർ 12 ന് യൂണിറ്റ് കൺവീനർ ശ്രീ. ജോസഫ് സേവ്യറുടെ അദ്ധ്യക്ഷ തയിൽ ചേർന്ന സമ്മേളനത്തിൽ ചാസ് ഡയറക്ടർ ഫാ. തോമ സ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. കോഡിനേറ്റർമാരായ ശ്രീ. ബൈജു സി. സേവ്യർ, ശ്രീ. ബിനു ജോസഫ് എന്നിവർ പ്രസംഗിച്ചു. ശ്രീമതി നിസ്സി മോൻസി യുടെ നേതൃത്വത്തിൽ 20 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

## ടോയിലറ്റ് ക്ലീനിംഗ് ലിക്വിഡ് നിർമ്മാണം

**കൊടുപ്പുന്ന** യൂണിറ്റിൽ സെപ്റ്റംബർ 16 ന് ടോയിലറ്റ് ക്ലീനിംഗ് ലിക്വിഡ് നിർമ്മിക്കുന്നതിന് സ്വാശ്രയസംഘാംഗങ്ങൾക്ക് മേഖലാ കോഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ പരിശീലനം നൽകി. 22 വനിതകൾ പങ്കെടുത്തു. ഭാരവാഹികൾ നേതൃത്വം നൽകി.

## SLCA Kerala

### SLCA-IRCA സന്ദർശനം

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ ആലപ്പുഴ, തിരുവന്തപുരം ജില്ലകളിൽ പ്രവർത്തിക്കുന്ന 6 ഡി-അഡിക്ഷൻ സെന്ററുകളിൽ SLCA ടീം അംഗങ്ങളായ ഫാ. ജിജു വർഗീസ്, ശ്രീ. റ്റി.എം. മാത്യു തച്ചിലേട്ട്, ശ്രീ. കാർമ്മൽ ജോബി മാത്യു എന്നിവർ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

| *തീയതി* | *സെന്റർ* |
|---|---|
| 12.09.23 | അക്സപ്റ്റ് IRCA പുന്നപ്രാ |
| 18.09.23 | ഗാലക്സി CPLI തിരുവനന്തപുരം |
| 18.09.23 | ഗാലക്സി ODIC തിരുവനന്തപുരം |
| 18.09.23 | ഗാലക്സി IRCA തിരുവനന്തപുരം |
| 19.09.23 | ബോധി IRCA തിരുവനന്തപുരം |
| 19.09.23 | പ്രതീക്ഷ IRCA തിരുവനന്തപുരം |

**ചാസ്**
**മദ്യം മയക്കുമരുന്ന്**
**ചികിത്സാകേന്ദ്രങ്ങൾ**

**ACCEPT IRCA**
**Kattanam Vetticode PO**
**Kayamkulam690 503**
**Ph. 04792332878**
Project Coordinator
**Liju Thomas**
Mob.: 7902733439

**ACCEPT IRCA**
**V.S. Lodge**
**Sindhura Junction**
**Punnapra South, Alappuzha 688004**
Project Coordinator
**Nithin Chandra**
Mob.:9037238533

**Samrudha Child Care Center**
**Samrudha Complex, Kurumpanadom**
**Ponganthanam P.O,**
**Vakathanam, Kottayam**
Project Coordinator
**Doney Thomas**
Mob.: 9746091013

## വളർത്തുകൂട്ടം പദ്ധതി

**(a) മുട്ടക്കോഴിയും കൂടും**

| | |
|---|---|
| * 24 കോഴിയും കൂടും –Bv380 *(മേൽക്കൂരയോടുകൂടിയത്)* | Rs. 17,500/- |
| * 24 കോഴിയും കൂടും *(മേൽക്കൂരയില്ലാതെ)* | Rs. 15,500/- |
| * 10 കോഴിയും കൂടും *(മേൽക്കൂരയുള്ളത്)* | Rs. 12,000/- |
| * 10 കോഴിയും കൂടും *(മേൽക്കൂരയില്ലാതെ)* | Rs. 10,500/- |
| * നാടൻ കോഴിക്കുള്ള കൂട് *(25 കുഞ്ഞുങ്ങൾക്കുള്ളത്)* | Rs. 15,000/- |

**(b) കോഴിക്കുഞ്ഞുങ്ങൾ**

| | |
|---|---|
| Bv380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞ് *(50 ദിവസം)* | Rs. 260/- |
| നാടൻ കോഴിക്കുഞ്ഞുങ്ങൾ *(50 ദിവസം)* | Rs. 160/- |

**(c) തെങ്ങിൻ തൈകൾ**

| ***ഇനം*** | ***തുക*** |
|---|---|
| 1. ഗംഗാബോണ്ടം | Rs. 300/- |
| 2. DxT | Rs. 300/- |
| 3. കേരശ്രീ | Rs. 300/- |
| 4. ഗൗളിഗാത്രം | Rs. 180/- |
| 5. മലയൻഡ്വാർഫ് | Rs. 180/- |
| 6. കുറ്റിയാടി | Rs. 160/- |

**ബന്ധപ്പെടേണ്ട നമ്പർ: 8138088730**

## ആരോഗ്യ ഇൻഷുറൻസ്

സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്നതിലധികമായി ചികിത്സാ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു വർഷം 30,000 രൂപ വരെ ചികിത്സാ സഹായം കുടുംബങ്ങൾക്ക് ലഭ്യമാക്കുന്ന മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാൻ ചാസ് അവസരമൊരുക്കുന്നു.

| ***അംഗത്വം*** | ***പ്രീമിയം*** |
|---|---|
| അഞ്ച് അംഗകുടുബത്തിന് | 900/– രൂപ |
| കൂട്ടുകുടുംബം | 1100/– രൂപ |
| വ്യക്തിഗതം | 600/– രൂപ |

**അന്വേഷണങ്ങൾക്ക് ഫോൺ: 9539701126**

# Environment Day


ചേപ്പുംപാറ


ഫിൽഗിരി


കുറുമ്പനാടം


വില്ലൂന്നി


പള്ളിക്കൂട്ടുമ്മ


അമ്പൂരി


കിടങ്ങറ


ഫാത്തിമാപുരം


തത്തംപള്ളി

# ചാസ് നഴ്സറി

അത്യുൽപ്പാദന ശേഷിയുള്ള
ഫലവൃക്ഷതൈകൾ, പച്ചക്കറി തൈകൾ,
അലങ്കാരചെടികൾ, മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ
മിതമായ നിരക്കിൽ മൊത്തമായും ചില്ലറയായും
ചാസിൽ നിന്നും ലഭിക്കും.

**ഫോൺ: 8138088730**





# വനിതകൾക്ക് തൊഴിൽ അവസരം

## ഗൃഹലക്ഷ്മി

* രോഗികൾക്കൊപ്പം താമസിച്ച് കിടപ്പുരോഗികളെ ശുശ്രൂഷിക്കുന്നതിന് RS – 23,500/–

## ഗൃഹശ്രീ

* പകൽ സമയം വീട്ടുജോലികളിൽ സഹായിക്കുന്നതിന് RS – 16,000/–

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: **8547322817**

# CHASS
PROUDLY PRESENTS

**LIVE FREE COTTON SANITARY PAD**
Soft • Safe • Secure • Seemly

Live Free Cotton Sanitary Pad, a unique product initiated by "Ashakiranam Desk" of CHASS providing hygienic reusable cotton sanitary pad as an alternative for the plastic coated sanitary pads available in the market. Hygienic, reusable, non-allergic and natural at less cost.

*Live Free - Live Long -*
*Live with Live Free Cotton Sanitary Pad*



**Live Free Cotton Sanitary Pad available at CHASS.**

Contact:
9446857636, 9539701126
E-mail: chass1966@gmail.com
www.chasschry.org